

**ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ**
**ശുപാർശകൾ**
**ഗുണഭോക്താക്കളുടെ പ്രതിനിധികളുമായി**
**ചർച്ച ചെയ്ത് സമയബന്ധിതമായി നടപ്പിലാക്കുക**

# 1000
## പ്രചാരണ യോഗങ്ങൾ
# പഠനരേഖ


**കെ എൽ സി എ**
**സംസ്ഥാന സമിതി**

തയ്യാറാക്കിയത്
**അഡ്വ. ഷെറി ജെ. തോമസ്**



പ്രസാധകൻ: **ബിജു ജോസി കരുമാഞ്ചേരി**
കെ.എൽ.സി.എ. സംസ്ഥാന ജനറൽ സെക്രട്ടറി

# ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ ശുപാർശകൾ ഗുണഭോക്താക്കളുടെ പ്രതിനിധികളുമായി ചർച്ച ചെയ്ത് സമയബന്ധിതമായി നടപ്പിലാക്കുക

## –1000 പ്രചാരണ യോഗങ്ങൾ–

## പഠന രേഖ – ഓൺലൈൻ പതിപ്പ്


തയ്യാറാക്കിയതത്

**അഡ്വ. ഷെറി ജെ തോമസ്**



(പ്രസാധകൻ – കെ എൽ സി എ സംസ്ഥാന സമിതിക്കുവേണ്ടി ജനറൽ സെക്രട്ടറി ബിജു ജോസി കരുമാഞ്ചേരി – 30.03.2024)

**കെ എൽ സി എ സംസ്ഥാന സമിതി**

## ആമുഖം – കേരളത്തിലെ ലത്തീൻ സമുദായം

റോമൻ കത്തോലിക്കാസഭയിൽ ലത്തീൻ ആരാധനാക്രമം പിന്തുടരുന്ന കേരളത്തിലെ ക്രൈസ്തവരാണ് സർക്കാർ ഔദ്യോഗിക രേഖകളിലെ ലത്തീൻ കത്തോലിക്കർ. ലത്തീൻ കത്തോലിക്ക (ഉപവിഭാഗങ്ങൾ, ആംഗ്ലോ–ഇന്ത്യൻ ഉൾപ്പെടെ) കേരള ജനസംഖ്യയുടെ 6 ശതമാനം വരുന്ന ജനവിഭാഗമാണ് ലത്തീൻ കത്തോലിക്കർ. അതോടൊപ്പം ലത്തീൻ കത്തോലിക്കാ സഭയിലെ തന്നെ പരിവർത്തിത ക്രൈസ്തവരും സംവരണ വിഭാഗത്തിൽ ഉൾപ്പെടുന്നു. ഇതുകൂടി ചേർത്ത് ആകെ ജനസംഖ്യയുടെ 8 ശതമാനം വരുന്നവരാണ് കേരളത്തിലെ ലത്തീൻ കത്തോലിക്ക സഭാംഗങ്ങൾ. 12 ലത്തീൻ കത്തോലിക്ക രൂപതകൾ കേരളത്തിലുണ്ട്. രൂപതകളുടെ വിവരങ്ങൾ ഇതോ ടൊപ്പം സമർപ്പിക്കുന്നു. 1. തിരുവനന്തപുരം, 2. നെയ്യാറ്റിൻകര, 3. കൊല്ലം, 4. പുനലൂർ, 5. വിജയപുരം, 6. ആലപ്പുഴ, 7. കൊച്ചി, 8. കോട്ടപ്പുറം, 9. വരാപ്പുഴ, 10. കോഴിക്കോട്, 11. കണ്ണൂർ, 12. സുൽത്താൻപേട്ട്.

19–ാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടിയാണ് ലത്തീൻ സഭയിൽ സംഘാത ജനകീയ മുന്നേറ്റങ്ങൾ ഉണ്ടായത്. 1891 ൽ പള്ളിത്തോട് നസ്രാണി സമാജം, 1903 ൽ അർത്തുങ്കൽ നസ്രാണി ഭൂഷണ സമാജം, 1904 ൽ കൊല്ലം ലത്തീൻ കത്തോലിക്ക മഹാജന സഭ, 1914 ൽ വരാപ്പുഴ കാത്തലിക്ക് അസോസിയേഷൻ, എന്നിങ്ങനെ വിവിധ സംഘടനകൾ സമുദായത്തിന്റെ മുന്നേറ്റത്തെ ഏറെ സഹായിച്ചിട്ടുണ്ട്. ഭാരതത്തിന്റെ സ്വാതന്ത്ര്യ സമരകാലയളവിൽ കേരളത്തിൽ നടന്ന വിവിധ പ്രക്ഷോഭങ്ങളിൽ

സമുദായം ശക്തമായ സാന്നിദ്ധ്യമായിരുന്നു. ലത്തീൻ കത്തോലിക്കരുടെ വിശാല മനോഭാവവും, ഇന്ത്യൻ ഭരണഘടനയുടെ രൂപീകരണത്തോടെ അവർ അതിലർപ്പിച്ച വിശ്വാസവും, ഭരണഘടനയിലെ വാഗ്ദാനങ്ങൾ നിറവേറ്റാമെന്ന പ്രതീക്ഷയും കാരണം മറ്റു സമുദായങ്ങളെ പോലെ സമുദായമുന്നേറ്റവുമായി മുന്നോട്ടു പോകാതെ നിലവിലുള്ളള രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ ഭാഗമായി പ്രവർത്തിക്കാനാണ് ഈ സമുദായം നിലകൊണ്ടത്. അത്തരമൊരു മനോഭാവത്തിന്റയടിസ്ഥാനത്തിൽ ബൃഹത്തായ സമുദായ സംഘടനാ പ്രവർത്തനങ്ങൾക്ക് താൽക്കാലിക വിരാമമായി. അതേസമയം മറ്റു സമുദായങ്ങൾ രാഷ്ട്രീയ വിലപേശലുകൾ നടത്തി നേട്ടങ്ങൾ കൊയ്തു. പിന്നീട് 1972 മാർച്ച് 26 ന് കേരളത്തിലെ എല്ലാ രൂപതകളിലെയും അൽമായ സംഘടനകളെ ഒന്നിപ്പിച്ച് കേരള ലാറ്റിൻ കാത്തലിക്ക് അസോസിയേഷൻ എന്ന സമുദായ സംഘടന രൂപം കൊണ്ടു. അൽമായരും വൈദീകരും എല്ലാവരുമടങ്ങുന്ന ഏകോപന സമിതി കെ ആർ എൽ സി സി (കേരള റീജിയൻ ലാറ്റിൻ കാത്തലിക്ക് കൗൺസിൽ) 2002 ൽ രൂപം കൊണ്ടു.

മറ്റു പിന്നാക്ക വിഭാഗങ്ങളുടെ (ഒ ബി സി) കേന്ദ്രപട്ടികയിലും, സംസ്ഥാന പട്ടികയിലും ലത്തീൻ കത്തോലിക്കരെ ഉൾപ്പെടുത്തിയിട്ടുണ്ട്. ലത്തീൻ കത്തോലിക്കാ സഭയിലെതന്നെ ദലിത് ക്രൈസ്തവരും ആംഗ്ലോ ഇന്ത്യരും ഒബിസി പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. .പിഎസ് സി നിയമന ചട്ടങ്ങളിൽ – ഒബിസി വിഭാഗത്തിൽ ലത്തീൻ കത്തോലിക്കർക്കും ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിലുൾപ്പെട്ടവർക്കും കൂടി 4 ശതമാനമാണ് സംവരണം. അതേസമയം വിദ്യാഭ്യാസ മേഖലയിൽ പ്ലസ് ടു, പ്രൊഫഷണൽ  ഡിഗ്രി കോഴ്സുകളിൽ 3 ശതമാനം സംവരണം ലത്തീൻ കത്തോലിക്കർക്കും ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിനും ഒരുമിച്ച് ഉണ്ട്. ആർട്സ് & സയൻസ് കോഴ്സുകളിലും പി ജി കോഴ്സുകളിലും 1 ശതമാനം സംവരണം

ലത്തീൻ സമുദായത്തിന് മാത്രമായാണ് പ്രവേശനത്തിൽ ഉള്ളത്. എല്ലാ വിഭാഗം ജനങ്ങൾക്കും സാമൂഹിക നീതി എന്നത് നമ്മുടെ രാജ്യത്തിന്റെ ഭരണഘടന ഉറപ്പുതരുന്ന അവകാശങ്ങളിലൊന്നാണ്. എല്ലാവർക്കും ഉദ്യോഗത്തിലും അധികാരത്തിലും മതിയായ പ്രാതിനിധ്യം ലഭിക്കുന്നതു വഴിയാണ് സാമൂഹിക നീതി നടപ്പിലാകുന്നത്. അത്തരത്തിൽ ലഭിക്കേണ്ടതായ അവകാശങ്ങളുടെ ഭാഗമായാണ് ഭരണഘടനയുടെ 15, 16 ആർട്ടിക്കിളുകളിൽ ചില വിഭാഗങ്ങൾക്ക് സംവരണത്തിനുള്ള സാധ്യത ഉണ്ടാകുന്നത്. ന്യൂനപക്ഷമെന്ന നിലയിൽ വിവേചനം ഉണ്ടാകാതിരിക്കാൻ ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക അവകാശങ്ങളും നൽകുന്നു. മതിയായ പ്രാതിനിധ്യം സംബന്ധിച്ച കണക്കുകൾ ലഭ്യാമാകന്നതിന് ഒരു ഉപാധിയാണ് അന്വേഷണ കമ്മീഷനുകൾ.

കേരളത്തിൽ ഒ ബി സി വിഭാഗത്തിൽ ഉൾപ്പെടുന്ന വിവിധ സമുദായങ്ങളുടെ അവസ്ഥ സംബന്ധിച്ച് പഠനം നടത്താൻ 2000 ഫെബ്രുവരി മാസം നിയോഗിക്കപ്പെട്ട ജസ്റ്റിസ് കെ കെ നരേന്ദ്രൻ കമ്മീഷൻ 2001 നവംബർ മാസത്തിൽ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. അതു പ്രകാരം കേരളത്തിലെ ലത്തീൻ കത്തോലിക്കർക്ക് കേവലം 10 വർഷത്തെ മാത്രം കണക്കിൽ മുഖ്യമായും ക്ലാസ് 3, ക്ലാസ് 4 ഉദ്യോഗങ്ങളിലായി 4370 തൊഴിലവസരങ്ങൾ നഷ്ടമായിട്ടുണ്ട്. ഉദ്യോഗത്തിന് നിലവിൽ 4 ശതമാനം സംവരണം ഉള്ള സാഹചര്യത്തിലാണ് ഈ നഷ്ടം. റിപ്പോർട്ട് പുറത്തുവന്നതിനു ശേഷം അതിൻമേൽ പഠനങ്ങൾ നടക്കുകയും സമുദായത്തിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി നഷ്ടം നികത്തണമെന്ന് സമുദായം ആവശ്യപ്പെട്ടുവെങ്കിലും അത് നടന്നില്ല. പകരം എൻ സി എ നിയമനങ്ങൾ (നോ കാൻഡിഡേറ്റ് അവയലബിൽ വേക്കൻസി) നടത്താൻ പിന്നീട് വർഷങ്ങൾക്കുശേഷം (ഉമ്മൻ ചാണ്ടി സർക്കാർ) ഉത്തരവായി. ഇപ്പോൾ അതുപ്രകാരമുള്ള നിയമനങ്ങൾ നടന്നുവരുന്നു.

ഉദ്യോഗത്തിന് 4 ശതമാനം സംവരണമുണ്ടെങ്കിലും വിദ്യാഭ്യാസത്തിന് പ്ലസ് ടു, വിഎച്ച്എസ് സി, പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിൽ 3 (2014 ൽ ഉയർത്തിയത്) ശതമാനവും ആർട്സ് & സയൻസ് കോളേജുകളിൽ 1 ശതമാനവുമാണ് സംവരണം. ഇത് ഉയർത്തണമെന്ന് നിരന്തരമായി നാം ആവശ്യപ്പെട്ടുവരുകയാണ്. സമുദായത്തിന്റെ പിന്നാക്കാവാസ്ഥ പഠിക്കാൻ സംവിധാനങ്ങൾ ഉണ്ടാകണമെന്നും ആവശ്യമുയർത്തിവരുകയായിരുന്നു. അതിന്റെ തുടർച്ചയായി ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് നിയമസഭയിൽ പി ടി തോമസ് എം എൽ എ കെ ൽ സി എ യുടെ അഭ്യർത്ഥന പ്രകാരം സബ്മിഷൻ ഉന്നയിക്കുകയും അത് പരിഗണിക്കാമെന്നും വകുപ്പ് മന്ത്രി എ കെ ബാലൻ മറുപടിയും നൽകിയിരുന്നു. ഇതേ സമയം തന്നെ, ക്രൈസ്തവരുടെ പിന്നാക്കാവസ്ഥ പഠിക്കാൻ കമ്മീഷനെ നിയമിക്കണമെന്ന് വിവിധ ക്രൈസ്തവ സഭകളിൽ നിന്നും നിയമസഭയ്ക്കു പുറത്തും ആവശ്യങ്ങളുയർന്നിരുന്നു.

**ജെ ബി കോശി കമ്മീഷൻ**

കേരളത്തിൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിഭ്യാഭ്യാസ, സാമ്പത്തീക പിന്നോക്കാവസ്ഥ, ക്ഷേമം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ടു സമർപ്പിക്കുന്നതിന് ജസ്റ്റിസ് ജെ.ബി. കോശി (പാറ്റ്ന ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസ്), ചെയർമാനായും, ഡോ. ക്രിസ്റ്റി ഫെർണാണ്ടസ് ഐ.എ.എസ് (റിട്ടയേർഡ്), ശ്രീ. ജേക്കബ് പുന്നൂസ് ഐ.പി.എസ് (റിട്ടയേർഡ്), അംഗങ്ങളായും, ഒരു കമ്മീഷനെ സംസ്ഥാന സർക്കാർ 09-02-2022 തീയതിയിലെ ജി.ഒ. (എം.എസ്) നമ്പർ 32/2021 ഫോം ഉത്തരവ് പ്രകാരം നിയോഗിച്ചു. ജെ.ബി. കോശി കമ്മീഷന്റെ പരിഗണനാവിഷയങ്ങൾ ഉൾക്കൊള്ളുന്ന ഉത്തരവ് ഈ രേഖയിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## പരിഗണനാ വിഷയങ്ങൾ

### *1. വിദ്യാഭ്യാസം*

ന്യൂനപക്ഷമെന്ന നിലയിൽ വിദ്യാഭ്യാസ സംബന്ധമായ വിഷയങ്ങളിൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ – മറ്റ് ന്യൂനപക്ഷങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളുമായി താരതമ്യം – വിവേചനം നേരിടുന്നുണ്ടോ – പരിഹാരമാർഗ്ഗങ്ങൾ – വിദ്യാഭ്യാസ മേഖലയിൽ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ – ഉന്നത വിദ്യാഭ്യാസ മേഖലയിൽ അർഹമായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടോ – എങ്ങനെ പരിഹരിക്കാം.

### *2. സാമ്പത്തികം*

ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളിൽ സാമ്പത്തിക പിന്നാക്കാവസ്ഥ നേരിടുന്നവരുണ്ടോ – അവർ ഏതൊക്കെ വിഭാഗങ്ങളിൽ പെടുന്നവരാണ് – സാമൂഹിക പിന്നാക്കാവസ്ഥ നേരിടുന്നുണ്ടോ – പിന്നാക്കാവസ്ഥ സംബന്ധിച്ച വിവരങ്ങൾ എന്തൊക്കെ – ഏതെങ്കിലും പ്രത്യേക വിഭാഗങ്ങൾക്ക് കൂടുതൽ കരുതൽ ആവശ്യമുണ്ടോ – സാമ്പത്തിക സാമൂഹിക പിന്നാക്കാവസ്ഥ പരിഹരിക്കാനായി വിവിധ ഏജൻസികളും സർക്കാരും അടയന്തിരമായി ചെയ്യേണ്ട കാര്യങ്ങൾ.

### *3 ക്ഷേമം*

ക്രിസ്തുമതത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾ, തീരദേശവാസികൾ, മലയോര കർഷകർ, വനാതിർത്തിയോടടുത്ത് താമസിക്കുന്ന കർഷകർ, കുട്ടനാട് മുതലായ പ്രദേശങ്ങളിൽ താമസിക്കുന്ന കർഷകർ, ആദിവാസികൾ, ദളിതർ, ലത്തീൻ തുടങ്ങിയവർക്ക് പ്രത്യേകമായി ആവശ്യമുള്ള ക്ഷേമപ്രവർതത്തനങ്ങൾ – പരിവർത്തിത ക്രൈസ്തവരുടെ ക്ഷേമത്തിനായുള്ള കാര്യങ്ങൾ – ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്ക്

സർക്കാർ–പൊതുമേഖല ഉദ്യോഗതലങ്ങളിൽ ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം ഉണ്ടോ – ഇല്ലെങ്കിൽ പ്രാതിനിധ്യം ഉറപ്പുവരുത്താൻ സ്വീകരിക്കേണ്ട നടപടികൾ – ഏതെല്ലാം മേഖലകളിൽ ഏതെല്ലാം രീതികളിൽ സർക്കാരിൽ നിന്ന് ക്ഷേമസംബന്ധമായ സഹായം ലഭിക്കണം എന്നതു സംബന്ധിച്ച കാര്യങ്ങൾ.

**കമ്മീഷൻ പ്രവർത്തനങ്ങൾ**

മേൽപറഞ്ഞ വിഷയങ്ങളിൽ കമ്മീഷൻ എല്ലാ ക്രൈസ്തവ വിഭാഗങ്ങൾക്കും നിവേദനങ്ങൾ നൽകാനും തെളിവുകൾ നൽകാനും അവസരമുണ്ടാകുന്ന തരത്തിൽ സിറ്റിംഗുകൾ നടത്തിയും വിവിധ പ്രദേശങ്ങൾ സന്ദർശിച്ചും വിവിധ മാർഗ്ഗങ്ങളിലൂടെ പഠനങ്ങൾ നടത്തിയും കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. കെ എൽ സി എ സംസ്ഥാന സമിതി നൽകിയ നിവേദനത്തിൽ 114 വിവരാവകാശ രേഖകൾ സമർപ്പിച്ചിരുന്നു. കമ്മീഷൻ സിറ്റിംഗിനിടയിൽ പി എസ് സി യിൽ നിന്നും സംവരണസമുദായം തിരിച്ചുള്ള നിയമന രേഖകൾ വിളിച്ചുവരുത്തണമെന്ന് കെ എൽ സി എ ഉപഹർജി സമർപ്പിച്ചിരുന്നു. അന്ന് അത് ലഭ്യമായില്ലെങ്കിലും ശുപാർശകളിൽ, അത്തരം സ്ഥിതിവിവര കണക്കുകൾ ഉണ്ടാകേണ്ടതിന് നടപടികൾ നിർദ്ദേശിച്ചിട്ടുണ്ട്.

**ശുപാർശകൾ സംബന്ധിച്ച കുറിപ്പ്**

ജെ ബി കോശി കമ്മീഷൻ റിപ്പോർട്ടിന്റെ പൂർണ്ണ രൂപം ഈ രേഖ തയ്യാറാക്കുന്നതുവരെയും ഔദ്യോഗികമായി പുറത്തുവിട്ടിട്ടില്ലെങ്കിലും 20–10–2023 തീയതി എം.ഡബ്ല്യു. 3/119/2023/പൊ.ഭ.വ. നമ്പരായി ഒരു അനൗദ്യോഗീക കുറിപ്പ് ഇറക്കുകയും, ആ കുറിപ്പുപ്രകാരം പൊതുഭരണം, ആഭ്യന്തരം, ഉദ്യോഗസ്ഥഭരണപരിഷ്കാരം, ഉന്നതവിഭ്യാഭ്യാസം, പൊതുവിദ്യാഭ്യാസം, വ്യവസായം, ആരോഗ്യ

കുടുംബക്ഷേമം, ഫിഷറീസ്, തദ്ദേശസ്വയംഭരണം, റവന്യൂ, പിന്നാക്ക വിഭാഗവികസനം, വനിത ശിശുവികസനം, സാംസ്ക്കാരികം, ധന കാര്യം, നിയമം, പൊതുമരാമത്ത്, ഫുഡ് & സിവിൽ സപ്ലൈസ്, സാമൂഹ്യനീതി, ആസൂത്രണ സാമ്പത്തി കാര്യം, വനം വന്യജീവിദ സഹകരണം, സയൻസ് & ടെക്നോളജി, ടൂറിസം, എക്സൈസ്, ജലവിഭവം, തുറമുഖം, ഊർജ്ജം, കായികം, യുവജനകാര്യവും, മൃഗ സംരക്ഷണം, പുരാവസ്തു, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവി ഗേഷൻ, എന്നിങ്ങനെ 33 വകുപ്പുകളോടായി ജെ ബി കോശി കമ്മീഷനിലെ ശുപാർശകൾ നടപ്പാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിലേക്കായി രണ്ടാഴ്ചക്കകം റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ ഈ കുറിപ്പുപ്ര കാരം സൂചിപ്പിച്ചിട്ടുള്ളതനുസരിച്ച് 284 എണ്ണമായി കണക്കാക്കിയി ട്ടുണ്ട്. ബന്ധപ്പെട്ട ശുപാർശകൾ വിവിധ വകുപ്പുകളോട് നടപടി കൾ പൂർത്തിയാക്കുന്നതിനുള്ള കാര്യങ്ങൾ റിപ്പോർട്ടു ചെയ്യുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. 2024 മാർച്ച് മാസം സർക്കാർ ഉദ്യോഗസ്ഥ തലത്തിൽ ഒരു ഉന്നത സമിതിയെ ഈ റിപ്പോർട്ട് നടപ്പാക്കുന്നതു സംബന്ധിച്ച കാര്യങ്ങൾ പഠിക്കുന്നതിനു ചുമതലപ്പെടുത്തി.

**എന്തിനാണ് 1000 യോഗങ്ങൾ**

കമ്മീഷൻ റിപ്പോർട്ടുകൾ നടപ്പിലാക്കണമെന്ന് സർക്കാരുകൾക്ക് നിയമപരമായ ബാധ്യതയില്ല. സാഹചര്യങ്ങളും സമ്മർദ്ദങ്ങളുമനുസരിച്ച് തീരുമാനങ്ങൾ ഉണ്ടാകാം. ജെ ബി കോശി കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കണമെന്ന ക്രൈസ്തവരുടെ ആവശ്യത്തിൽ പൊതുവെ അനുകൂല നിലപാടാണ് ഇപ്പോൾ സർക്കാരിനുള്ളത്. അതേ സമയം ഇപ്പോഴും റിപ്പോർട്ട് പുറത്തുവിട്ടിട്ടില്ല. റിപ്പോർട്ട് ഗുണഭോക്താക്കളുമായി ചർച്ച ചെയ്ത് സമയബന്ധിതമായി നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് നിരന്തര സമ്മർദ്ദമുണ്ടാകേണ്ടതുണ്ട്.

എല്ലാ സമുദായംഗങ്ങളിലേക്കും വിഷയം എത്തിക്കുന്നതിന് പ്രതീകാത്മമായി 1000 യോങ്ങൾ എന്ന പേരിൽ പ്രചാരണയോഗങ്ങൾ 12 ലത്തീൻ രൂപതകളിലും നടത്താൻ കെ എൽ സി എ മുന്നിട്ടിറങ്ങുകയാണ്. ബി സി സി സംവിധാനങ്ങളുടെയും ലത്തീൻ സഭയിലെ മറ്റ് സംഘടനകളുടെയും സഹകരണം ഇക്കാര്യത്തിൽ തേടുകയും അതുണ്ടാകുമെന്ന് ബി സി സി കമ്മീഷന്റെയും സംഘടനകളുടെ നേതൃത്വവും അറിയിച്ചിട്ടുണ്ട്. കോശി കമ്മീഷൻ ശുപാർശകൾ നടപ്പാക്കുന്നതുവരെയും ഇത്തരം പ്രചാരണ–സമ്മർദ്ദ പരിപാടികളുമായി നാം മുന്നോട്ടു പോകണം. അതിന്റെ ഭാഗമായി വിവിധ യൂണിറ്റുകളിൽ, ഇടവകകളിൽ, ബി സി സി യൂണിറ്റുകളിൽ, ഫെറോനകളിൽ, രൂപതാ തലത്തിൽ എന്താണ് ജെ ബി കോശി കമ്മീഷൻ ശുപാർശകൾ എന്ന് ചർച്ച ചെയ്യുന്ന പ്രചാരണ യോഗങ്ങൾ, സെമിനാറുകൾ മുതലായ വിവിധ പരിപാടികൾ സംഘടിപ്പിക്കണം. ഈ റിപ്പോർട്ട് പൂർണ്ണമായും നടപ്പാക്കുന്നതുവരെയും ദീർഘകാല അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടത്തേണ്ടതായി വരാം. അവയ്ക്ക് മതിയായ പരസ്യം നൽകി, സംസ്ഥാന അടിസ്ഥാനത്തിൽ ഹാഷ്ടാഗുകൾ മുതലായവ നൽകി ഉചിതമായ സോഷ്യൽ മീഡിയ പ്രചാരണം നൽകണം. ജെ ബി കോശി കമ്മീഷൻ ശുപാർശകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സർക്കാരിൽ സമ്മർദ്ദമുണ്ടാക്കുന്നതിനും സമുദായാംഗങ്ങളിൽ ഈ വിഷയം സംബന്ധിച്ച ആവശ്യമായ പ്രചരണപരിപാടികൾ നടത്തുന്നതിനും വേണ്ടി കേരളത്തിലെമ്പാടുമായി 1000 യോഗങ്ങൾ നടത്തുകയാണ് ലക്ഷ്യം. എല്ലാ സമുദായാംഗങ്ങളെയും പങ്കെടപ്പിക്കാൻ ബി സി സി, ഇതര സംഘടനകൾ എന്നിവരെയെല്ലാം ഏകോപിപ്പിച്ച് സമുദായത്തിന്റെ പൊതു സംഘടന എന്ന നിലയിൽ ഈ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിന് സംഘടനാ നേതാക്കളെ പ്രാപ്തരാക്കുന്നതിനും റിസോർസ് ടീമിന് ഉപയോഗിക്കുന്നതിനുമാണ് ഈ പഠന രേഖ തയ്യാറാക്കുന്നത്.

## കമ്മീഷൻ ശുപാർശകൾ

ശുപാർശകൾ എല്ലാം തന്നെ അതത് മേഖലകളിൽ പ്രധാനപ്പെട്ടതാണ്. ഈ കൈപ്പുസ്തകത്തിൽ കൂടുതലായും ഉൾപ്പെടുത്തിയിരിക്കുന്നത് ലത്തീൻ കത്തോലിക്കാ സഭ / സമുദായം ആവശ്യപ്പെട്ടുവരുന്ന കാര്യങ്ങളിൽ സമയബന്ധിത മായി നടപ്പിലാക്കേണ്ടതായ ശുപാർശകളെ സംബന്ധിച്ചാണ്. എല്ലാ വിഭാഗം ക്രൈസ്തവർക്കുമുള്ള പൊതുവായതുമായ ശുപാർശകൾ ഉൾപ്പെടെയാണ് 284 ശുപാർശകൾ എന്ന് രേഖകളിൽ കാണുന്നു.

**ചില ശുപാർശകൾ മാത്രം ഇവിടെ എടുത്തെഴുതിയിരിക്കുന്നു. വിശദമായ പഠനത്തിന് മുകളിൽ സൂചിപ്പിച്ച അനൗദ്യോഗിക കുറിപ്പ് പരിശോധിക്കുക**

(ഓരോ ശുപാർശയുടെയും നിവേദനസംഗതി പ്രത്യേക നോട്ടായി റിസേർസ് ടീം അംഗങ്ങൾ മനസ്സിലാക്കേണ്ടതാണ്)

1. (ശുപാർശ നമ്പർ 8.2). കമ്മ്യൂണിറ്റി ക്വാട്ടയിലെ സീറ്റുക ളിൽ മെറിറ്റിന്റെ അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് നിലവിൽ സ്‌കോളർഷിപ്പ് ലഭിക്കുന്നില്ല. അത് നല്കണം എന്ന് ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ ശുപാർശ ചെയ്യുന്നു

(നിവേദനസംഗതി – കഴിഞ്ഞ 3 വർഷങ്ങളായി കമ്മ്യൂണിറ്റി മെറിറ്റ് ക്വാട്ടയിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് ഇ ഗ്രാന്റ് ലഭിക്കുന്നില്ല. ഇത് സംബന്ധിച്ച് സർക്കാരിന് നിവേദനങ്ങൾ നല്കിയപ്പോഴും പിന്നീട് വിദ്യാർത്ഥികൾ നല്കിയ കേസിൽ സർക്കാർ നല്കിയ മറുപടിയിലും വ്യക്തമാകുന്ന കാര്യങ്ങൾ എയ്ഡഡ് കോളേജുകളിൽ കമ്മ്യൂണിറ്റി ക്വാട്ടയിൽ പ്രവേശനം നേടുന്ന

വിദ്യാർത്ഥികൾ മെറിറ്റ് അടിസ്ഥാനത്തിൽ അല്ല എന്ന തെറ്റായ ധാരണയാണ് സർക്കാരിന് ഉള്ളത് എന്ന് മനസ്സിലാക്കുന്നത്. യഥാർത്ഥത്തിൽ എയ്ഡഡ് കോളേജുകളിൽ കമ്മ്യൂണിറ്റി മെറിറ്റടിസ്ഥാനത്തിൽ പ്രവേശിക്കുന്ന വിദ്യാർത്ഥികളും, മാർക്ക് അടിസ്ഥാനത്തിൽ തന്നെയാണ് പ്രവേശനം നേടുന്നത്. ആയതുകൊണ്ട് നിഷേധിക്കപ്പെട്ടിരിക്കുന്ന ഇ ഗ്രാന്റ് പുന:സ്ഥാപിക്കുവാൻ വേണ്ട നടപടികൾ ഉണ്ടാകേണ്ടതാണ്.)

2. 8.3. –ന്യൂനപക്ഷങ്ങള നടത്തുന്ന കോളേജുകൾ പൊതുവായും തീരദേശത്തും, മലയോരപ്രദേശങ്ങളിലും താമസിക്കുന്നവരുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കി അവിടെയുള്ള കോളേജുകളിൽ പ്രത്യേകിച്ചും പുതിയ കോഴ്സുകൾ കൂടുതലായി അനുവദിക്കണം.

(നിവേദനസംഗതി – ജനസംഖ്യാനുപാതികമായ ഉദ്യോഗ, അധികാര പങ്കാളിത്തിന്റെ ഭാഗമായി അർഹമായ അവസരങ്ങൾ ലഭ്യമാക്കാൻ മതിയായ വിദ്യാഭ്യാസ അവസരങ്ങൾ ഉണ്ടാകേണ്ടതുണ്ട്. അതിനുള്ള നടപടികൾ ഉണ്ടാകണം.)

3. 8.4 – മലയോരപ്രദേശങ്ങളിലും, തീരപ്രദേശങ്ങളിലും മത്സ്യത്തൊഴിലാളികൾ, ക്രൈസ്തവർ എന്നിവർ കൂടുതലായി താമസിക്കുന്ന സ്ഥലങ്ങളിലും, ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളും, തൊഴിൽപരിശീലനകേന്ദ്രങ്ങളും, എഞ്ചിനീയറിങ്, മെഡിസിൻ, സിവിൽ സർവ്വീസ്, തുടങ്ങിയവയ്ക്കുള്ള പരിശീലനകേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും സ്ഥാപിക്കണം. ഇത്തരം കേന്ദ്രങ്ങൾ എല്ലാം എല്ലാ ന്യൂനപക്ഷങ്ങൾക്കും ഒരുപോലെ സൗകര്യപ്രദവും, പ്രാപ്യവും ആയ ഇടങ്ങളിൽ പ്രവർത്തിക്കണം. ഈ കേന്ദ്രങ്ങളിലെ പ്രവേശനത്തിന് എല്ലാ വിഭാഗങ്ങളിലും പെട്ട ന്യൂനപക്ഷവിദ്യാർത്ഥികൾക്കും ഒരേ രീതിയിലുള്ള നിബന്ധനകളും, സൗകര്യങ്ങളും സാമീപ്യനങ്ങളും ഉണ്ടായിരിക്കണം.

4. 8.5. – സ്ഥലത്തിന്റെ വില ഒഴിച്ചുള്ള കെട്ടിടങ്ങളുടെയും, പശ്ചാത്തല സൗകര്യങ്ങളുടെയും, നിശ്ചിത ശതമാനമൂലധനബാധ്യതയും, ആവർത്തന ചെലവിന്റെ ഒരു നിശ്ചിത ശതമാനവും, കുട്ടികളുടെ എണ്ണമനുസരിച്ച് സർക്കാർ തന്നെ എയ്ഡഡ് സ്കൂളുകൾക്ക് നല്കണം. എന്നാൽ നിയമനവുമായി ബന്ധപ്പെട്ട് മാനേജ്മെന്റ് പണം വാങ്ങുന്നില്ല എന്ന് സർക്കാർ ഉറപ്പുവരുത്തണം.

(നിവേദനസംഗതി – എയ്ഡഡ് മേഖലയിൽ പിന്നാക്ക ക്രൈസ്തവ നൂനപക്ഷ വിഭാഗങ്ങൾക്ക് നിലവിലുള്ള വിദ്യാലയങ്ങൾ അപ്ഗ്രേഡ് ചെയ്യുന്നതിനും പുതിയിടങ്ങളിൽ സ്ഥാപിക്കാനും ഗ്രാന്റുകൾ നൽകുക)

5. 8.11, 12 – കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ് എങ്ങനെയാണ് ന്യൂനപക്ഷങ്ങൾക്ക് സഹായം ചെയ്യുന്നതെന്ന് വിശദമായ വിവരങ്ങൾ എല്ലാ വർഷവും പ്രസിദ്ധീകരിക്കണം. ഏറ്റവും കൂടുതൽ ക്രിസ്ത്യാനികൾ ഉള്ള കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ എന്നീ നാലു ജില്ലകൾക്കു വേണ്ടി എറണാകുളത്ത് ഒരു റീജണൽ ഓഫീസ് മാത്രമാണുള്ളത്. അതുകൊണ്ട് ഇടുക്കി ജില്ലയ്ക്ക് മാത്രമായേ, ഇടുക്കി കോട്ടയം ജില്ലകളെ ഉൾപ്പെടുത്തിയോ ഒരു റീജിയണൽ ഓഫീസ് സ്ഥാപിക്കണമെന്ന് കമ്മീഷൻ നിർദ്ദേശശിക്കുന്നു. അതുപോലെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ നാലു ജില്ലകൾക്കുവേണ്ടി തിരുവനന്തപുരത്ത് ഒരു റീജിയണൽ ഓഫീസ് മാത്രമാണുള്ളത്. അതിനാൽ പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകൾക്കുവേണ്ടി തിരുവല്ലയിലോ, ചെങ്ങന്നൂരോ, ഒരു റീജിയണൽ ഓഫീസ് സ്ഥാപിക്കണം.

(നിവേദനസംഗതി –ന്യൂനപക്ഷക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായി മത്സരപരീക്ഷാകേന്ദ്രങ്ങൾ സ്ഥാപിച്ചുവരുന്നു. അത്തരത്തിൽ മത്സരപരീക്ഷാകേന്ദ്രങ്ങൾ ലത്തീൻ കത്തോലിക്കാ വിഭാഗം കൂടുതലായി പാർക്കുന്ന പ്രദേശങ്ങളിൽ ഒന്നും തന്നെ ഇല്ലാത്തതാണ്. എല്ലാ

വർക്കും തുല്യമായി വിതരണം ചെയ്യപ്പെടുന്ന നീതി കണക്കിലെടുത്ത് ലത്തീൻ കത്തോലിക്കർ തിങ്ങി വസിക്കുന്ന സ്ഥലങ്ങളിൽ മത്സരപരീക്ഷാകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി ഉണ്ടാകേണ്ടതാണ്. കോച്ചിംഗ് സെന്ററുകളിലെ പ്രിൻസിപ്പൽമാരെ നിയമിക്കുമ്പോൾ എല്ലാ വിഭാഗങ്ങൾക്കും മതിയായ പരിഗണന നൽകണം. മുൻകാലത്ത ഉണ്ടായിരുന്ന മൈനോറിറ്റി പ്രമോട്ടർമാരെ വീണ്ടും നിയമിക്കാൻ നടപടിയെടുക്കുകയും അത്തരത്തിൽ നിയമനങ്ങൾ നടത്തുമ്പോൾ എല്ലാ ന്യൂനപക്ഷങ്ങൾക്കും പ്രത്യേകിച്ച് അവയിലെ പിന്നാക്കവിഭാഗങ്ങൾക്കും പ്രത്യേക പരിഗണന നൽകണം. ക്രൈസ്തവ ന്യൂനപക്ഷങ്ങൾക്ക് ജനസംഖ്യാനുപാതികമായി ന്യനപക്ഷാനുകൂല്യങ്ങൾ ലഭിക്കാൻ അവസരങ്ങളുണ്ടാകണം. ക്ഷേമപദ്ധതികളെക്കുറച്ച് അറിവ് ലഭിക്കാനും വിതരണ സാധ്യതകൾക്കും ഓഫീസുകൾ ഉണ്ടാകണം.)

6. 8.13 – കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ, റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ്, ബാങ്കിങ് സർവ്വീസ് കമ്മീഷൻ എന്നീ ഏജൻസികൾ നടത്തുന്ന മത്സര പരീക്ഷകൾക്കും വിവിധ കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷകൾ മുതലായവയ്ക്ക് സൗജന്യ പരിശീലനം നല്കുന്ന ട്രെയിനിങ് സെന്ററുകളുണ്ട്. ധാരാളം കുടിയേറ്റ കർഷകരുള്ള മലയോരപ്രദേശമായ കണ്ണൂരും, ഇടുക്കിയിലും, കോട്ടയം ജില്ലയുടെ കിഴക്കൻ പ്രദേശങ്ങളിലും ധാരാളം മത്സ്യത്തൊഴിലാളികൾ അധിവസിക്കുന്ന എറണാകുളത്തും, തിരവനന്തപുരത്തുമുള്ള തീരപ്രദേശങ്ങളിലും ഇത്തരം ട്രെയിനിങ് സെന്ററുകൾ സ്ഥാപിക്കണം.

(നിവേദനസംഗതി – ന്യൂനപക്ഷക്ഷേമ വിദ്യഭ്യാസ ആനുകൂല്യങ്ങളുടെ ഭാഗമായി ഇപ്പോൾ ലഭ്യമാകുന്ന മത്സര പരീക്ഷകൾക്കും വിവിധ കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷകൾ മുതലായവയ്ക്കുള്ള പരിശിലന അവസരങ്ങൾ എല്ലായിടത്തും

ലഭ്യമാകുന്നില്ല. കോച്ചിംഗ് സെന്ററുകൾ എല്ലായിടത്തും ഉണ്ടാകണം)

7. 8.14 – ജില്ലാ അടിസ്ഥാനത്തിൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ് നല്കുമ്പോൾ ന്യൂനപക്ഷ ജനസംഖ്യാ അടിസ്ഥാനത്തിൽ ആയിരിക്കണം.നൽകേണ്ടതെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

8. 8.16 – അടുത്ത കാലത്ത് കമ്മ്യൂണിറ്റി ക്വോട്ട എന്നു പറയുമ്പോൾ അതിൽ എല്ലാവിഭാഗം ക്രിസ്ത്യാനികളും ഉൾപ്പെടും എന്ന ഒരു നിർവ്വചനം കോടതി വിധികളിൽ ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് പ്രത്യേക ന്യൂനപക്ഷ സമുദായം നടത്തുന്ന സ്ഥാപനങ്ങളിൽ കമ്മ്യൂണിറ്റി ക്വാട്ട കൂടാതെ മാനേജുമെന്റ് ക്വോട്ടയും ആവശ്യമാണ്. അത്തരം മാനേജ്മെന്റ് ക്വാട്ടയിൽ ഏത് പ്രത്യേക കമ്മ്യൂണിറ്റിയാണോ സ്ഥാപനം സ്ഥാപിച്ചത് ആ പ്രത്യേക കമ്മ്യൂണിറ്റിയിൽ പെടുന്നവർക്ക് മെറിറ്റ് അടിസ്ഥാനത്തിൽ ആ പ്രത്യേക മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം കൊടുക്കാവുന്നതാണ്.

(നിവേദനസംഗതി – ന്യൂനപക്ഷങ്ങളെ നിർവ്വചിച്ചിരിക്കുന്നത് 6 നോട്ടിഫൈഡ് ന്യൂനപക്ഷങ്ങളായിട്ടാണ്. എന്നാൽ, കേരളത്തിൽ ലത്തീൻ കത്തോലിക്കാ വിഭാഗങ്ങൾക്ക് കോളേജുകൾ സ്ഥാപിച്ചിരിക്കുന്നത് അവ ഒരേ സമയം പിന്നാക്കവിഭാഗവും, ന്യൂനപക്ഷവുമാണ് എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ്. അതുകൊണ്ടുതന്നെ നാളിതുവരെയായും, ന്യൂനപക്ഷകോളേജുകളിൽ ഏതു ന്യൂനപക്ഷത്തിന്റേതാണോ, ആ ന്യൂനപക്ഷത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനാവശ്യയ രീതിയിൽ ആ ബന്ധപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നതിന് അർഹതയുണ്ടായിരുന്നു. എന്നാൽ, കഴിഞ്ഞ കുറച്ചു നാളുകളായി ഉദാഹരണത്തിന് മുഴുവൻ ക്രിസ്ത്യൻ വിഭാഗത്തിനും പ്രവേശനത്തിനു മാനേജുമെന്റ് കമ്മ്യൂണിറ്റി ക്വാട്ട തുറന്നുകൊടുക്കേണ്ടതായി വരുന്നു. ഇത് പിന്നോക്കവിഭാഗമായ ലത്തീൻ കത്തോലിക്കാവിഭാഗങ്ങളുടെ

കോളേജുകളിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നേടുന്നതിന് തടസ്സം ഉണ്ടാക്കുന്നു. ലൂർദ്ദ് ആശുപത്രിയിലെ നഴ്സിംഗ് പ്രവേശനത്തിന്റെ വിവരങ്ങൾ ഉദാഹരണമായി ഹാജരാക്കിയിരുന്നു.)

9. 8.18 – ക്രൈസ്തവ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കാൻ അവർക്കിടയിൽ സംരംഭകത്വം വളർത്താനുതകുന്ന പദ്ധതികൾ നടപ്പിലാക്കണം. സംരംഭകത്വ പരിശീലനം ഉറപ്പുവരുത്തുന്നതിനു വേണ്ട പദ്ധതികൾ ന്യൂനപക്ഷകമ്മീഷന്റെ ആഭിമുഖ്യത്തിൽ ന്യൂനപക്ഷവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആരംഭിക്കണം.

10. 8.21 – ജോലിക്കുള്ള സംവരണവും വിദ്യാഭ്യാസത്തിനുള്ള സംവരണവും തമ്മിൽ വലിയ അന്തരമാണ് നിലവിൽ ഉള്ളത്. പിന്നോക്ക വിഭാഗത്തിൽ ഉള്ള ക്രിസ്ത്യാനികൾ പ്രധാനമായും നാടാർ, ലത്തീൻ, ആംഗ്ലോ ഇന്ത്യൻ സമൂഹങ്ങളിലും പരിവർത്തിത ക്രൈസ്തവരിലുമാണുള്ളത്. ഇവർക്ക് ഉദ്യോഗത്തിന് 4% സംവരണം ഉള്ളപ്പോൾ വിദ്യാഭ്യാസത്തിന് 3, 1 % മാത്രമാണ് സംവരണം ഉള്ളത്. ഈ സമുദായങ്ങളിലെല്ലാം കൂടി കുറഞ്ഞത് ഇരുപത്തിയഞ്ച് ലക്ഷത്തോളം അംഗങ്ങൾ ഉണ്ടെന്ന് നമുക്ക് അനുമാനിക്കാവുന്നതാണ്. ഈ സമൂഹങ്ങളിൽ നിന്ന് വളരെ വിരളമായി മാത്രമേ മെറിറ്റ് അടിസ്ഥാനത്തിൽ ആളുകൾക്ക് ഉദ്യോഗമോ, പ്രവേശനമോ ലഭിക്കാറുള്ളൂ. ആ നിലയ്ക്ക് സർക്കാർ കേളേജുകളിൽ വിദ്യാഭ്യാസ പ്രവേശനത്തിന് 4 ശതമനം സംവരണം നൽകണം.

(നിവേദനസംഗതി – കേരളത്തിൽ വിദ്യാഭ്യാസപരമായി ലത്തീൻ കത്തോലിക്കാ സമൂഹത്തിന് നല്കുന്ന സംവരണം തികച്ചും അപര്യാപ്തമാണ്. ഡിഗ്രി, പിജി. കോഴ്സുകളിൽ സർക്കാർ കോളേജുകളിൽ ലത്തീൻ കത്തോലിക്കർക്കു നല്കുന്ന സംവരണം എസ് ഐ യു സി.യോടൊപ്പം ചേർത്ത് 1% മാത്രമാണ്. യഥാർത്ഥത്തിൽ വളരെ കുറച്ചു സീറ്റുകൾ മാത്രമുള്ള ഡിഗ്രി, പിജി കോഴ്സുകളിൽ 1% സംവരണം ഉപയോഗിച്ച് ആർക്കും തന്നെ സംവരണം ലഭിക്കുന്നില്ല എന്നതാണ് പരമാർത്ഥം. അതേസമയം, ആംഗ്ലോ ഇന്ത

്യൻ വിഭാഗത്തിന്  ഈ കോഴ്സുകളുടെ പ്രവേശനത്തിൽ സംവരണം ഒട്ടും തന്നെ ഇല്ല.  2014–ൽ ഇറക്കിയ ഉത്തരവിനുശേഷം +2, വി.എച്ച്.എസ്.സി, പ്രൊഫഷണൽ കോഴ്സുകൾ എന്നിവയിൽ നിലവിലുണ്ടായിരുന്ന 2% സംവരണത്തിൽ നിന്ന് 3% സംവരണമായി ഉയർത്തുകയും, ലത്തീൻ കത്തോലിക്കരേയും ആംഗ്ലോ ഇന്ത്യനേയും ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട് എങ്കിലും പല യൂണിവേഴ്സ്റ്റികളും ഈ ഉത്തരവ് പ്രൊഫഷണൽ പി ജി കോഴ്സുകളിൽ നടപ്പാക്കുന്നില്ല. വിദ്യാഭ്യാസ സംവരണം ഉദ്യോഗ സംവരണത്തിനു സമാനമായി  ഉയർത്തണം)

11. 8.22 –അതുപോലെ തന്നെ പബ്ലിക് സർവീസ് കമ്മീഷന്റെ നിയമന റൊട്ടേഷൻ ചാർട്ടിൽ എസ്.സി സി സി –യ്ക്ക്  48–ാമത്തെ ഊഴത്തിലാണ് ഇപ്പോൾ ലിസ്റ്റ് പ്രകാരം ഉദ്യോഗം ലഭിക്കുന്നത്. ആദ്യത്തെ റാങ്കുകളിൽ പല സമൂഹങ്ങളും 48–ാം ഊഴത്തിന് മുമ്പിൽത്തന്നെ മൂന്നും, നാലും പ്രാവശ്യം റൊട്ടേഷൻ ലിസ്റ്റിൽ ഇടം പിടിക്കുന്നുണ്ട്.  അങ്ങനെ ഏതെങ്കിലും സമൂഹം മൂന്നാമത്തെ പ്രാവശ്യം ചാർട്ടിൽ ഇടം പിടിക്കുന്നതിനു മുമ്പുള്ള ഊഴം എസ്.സി സി സി യ്ക്ക് നൽകി റൊട്ടേഷൻ ചാർട്ട്  പുനർനിർണ്ണയിക്കേണ്ടതാണ്.

12. 8.23 – ഇതുകൂടാതെ ഷെഡ്യൂൾഡ് കാസ്റ്റിനും, (പട്ടികജാതിയ്ക്കും), ഷെഡ്യൂൾഡ് ട്രൈബിനും (പട്ടികവർഗ്ഗത്തിനും)വലിയൊരു ശതമാനം തസ്തികകളും സീറ്റുകളുമാണ് സംവരണം വഴി നീക്കി വച്ചിരിക്കുന്നത്.  പലപ്പോഴും അവരുടെ ഇടയിൽ നിന്ന് ഈ തസ്തികകളിലേയ്ക്കൊ, സീറ്റുകളിലേയ്ക്കൊ, ആരെയും കിട്ടാത്ത സാഹചര്യം ഉണ്ടായാൽ  അങ്ങനെയുള്ള സീറ്റുകളിലും തസ്തികകളിലും എസ് സി സി സി വിഭാഗത്തിലുൾപ്പെടുന്ന ആളുകളെ പരിഗണിച്ച് നിയമിക്കുകയോ, സീറ്റ് നൽകുകയോ ചെയ്യുന്നത് പലപ്പോഴും അതിപരിതാപകരമായ അവസ്ഥയിൽ  ജീവിക്കുന്ന പ്രസ്തുത സമൂഹത്തിന് വലിയ ആശ്വാസമായിരിക്കും.  പലപ്പോഴും ഷെഡ്യൂൾഡ്

ട്രൈബ്സിന് 2 മുതൽ 8 ശതമാനം വരെ റിസർവേഷനും ഷെഡ്യൂൾഡ് കാസ്റ്റിന് 8 മുതൽ 15 വരെ ശതമാനം റിസർവേഷനും വിവിധ മേഖലകളിൽ ലഭിക്കുന്നുണ്ട്. ഇതു പലപ്പോഴും ജനറൽ മെറിറ്റിൽ യോജിപ്പിക്കുകയാണ് പതിവ്. അത് ഒഴിവാക്കി എസ്സിസി സിയ്ക്ക് (പരിവർത്തിത ക്രൈസ്തവർ) കൊടുക്കണം എന്നും അവരും ഇല്ലെങ്കിൽ മറ്റു പിന്നോക്ക ന്യൂനപക്ഷവിഭാഗങ്ങൾക്ക് നൽകണമെന്നും ശുപാർശ ചെയ്യുന്നു.

13. 8.24 – സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലും, യൂണിവേഴ്സിറ്റികളിലും സംവരണത്തിലൂടെയുള്ള പ്രവേശനത്തിനുള്ള സുതാര്യമായ റൊട്ടേഷൻ ചാർട്ടും സീറ്റുകളും, പ്രോസ്പെക്ടസിൽ തന്നെ പ്രസിദ്ധപ്പെടുത്തണം.

(നിവേദനസംഗതി – കേരളത്തിൽ വിദ്യാഭ്യാസപരമായി ലത്തീൻ കത്തോലിക്കാ സമൂഹത്തിന് നല്കുന്ന സംവരണം തികച്ചും അപര്യാപ്തമാണ്. ഇതിന് പരിഹാരമുണ്ടാകണം)

14 8.25 എയ്ഡഡ് മേഖലയിലെ എല്ലാ ക്രിസ്ത്യൻ ന്യൂനപക്ഷ സ്ഥാപനങ്ങളിലും കമ്മ്യൂണിറ്റി കോട്ട ഇരുപതു ശതമാനം അനുവദിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി ഉണ്ടാകണം.

15 8.29 കുടുംബത്തിന്റെ സാമ്പത്തിക സാഹചര്യം മോശമായ കുട്ടികൾക്ക് പഠനവീടുകൾ ഉണ്ടാകണം. കുട്ടികൾക്ക് താമസം, ഭക്ഷണം മുതലായവ ലഭ്യമാക്കണം. അവർക്കായി ബ്രിഡ്ജ് കോഴ്സുകളും ഇംഗ്ലീഷ്, ഗണിതം, തുടങ്ങിയ വിഷയങ്ങൾക്ക് സ്കൂൾ തലത്തിൽ പരിഹാരബോധന ക്ളാസുകൾ ഉണ്ടാകണം. ഇത്തരം പരിപാടികൾക്ക് ന്യൂനപക്ഷ വകുപ്പിന്റെ സാമ്പത്തിക സഹായം ഉണ്ടാകണം.

വിദ്യാർത്ഥികൾക്ക് തുടർപഠന സാഹചര്യമൊരുക്കാൻ ന്യായമായ ദുരത്തിനുള്ളിൽ സ്കൂളുകൾ ലഭ്യമെല്ലങ്കിൽ നിലവിലുള്ള

ക്രിസ്ത്യൻ ന്യൂനപക്ഷ സ്കൂളുകൾ ആവശ്യാനുസരണം അപ്ഗ്രേഡ് ചെയ്യണം.

മാതാപിതാക്കൾ മരിച്ചുപോയതായതും 2 ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ളതുമായ കുട്ടികൾക്ക് പ്രത്യേക സ്കോളർഷിപ്പ് നൽകണം. ട്യൂഷൻ ഫീ റീ ഇംബേർസ്മെന്റ് പദ്ധതി നടപ്പിലാണക്കണം.

ഒ ഇ സി ലിസ്റ്റിൽ ഉൾപ്പെടുന്നവർക്ക് ജാതി അടിസ്ഥാനത്തിൽ ലഭിക്കുന്ന സ്റ്റൈപ്പന്റും ലംപ്സം ഗ്രാന്റും സ്കോളർഷിപ്പ് അല്ല എന്ന് വ്യക്തമാക്കുന്ന ഉത്തരവുകൾ ഉണ്ടാകണം.

2019 ലെ കേരള മദ്രസ അധ്യാപക ക്ഷേമനിധി നിയമം പോലെയുള്ള ഒരു നിയമം സൺഡേ സ്കൂൾ / വേദപഠനം / മതബോധനം നടത്തുന്ന അധ്യാപകർക്കുവേണ്ടി നടപ്പിലാക്കണം. മദ്രസ അധ്യാപക ക്ഷേമനിധിയിൽ സർക്കാർ നൽകുന്ന സഹായങ്ങൾ ഈ ക്ഷേമനിധി ഫണ്ടിലും ഉണ്ടാകണം.

യത്തീൻഖാനയിലെ അന്തേവാസികൾക്ക് പ്രഫഷണൽ കോസ്ഴുകൾ പഠിക്കാൻ വർഷം തോറും നൽകുന്ന 10000 രൂപ വീതമുള്ള സ്ളോഷർഷിപ്പുകൾ ക്രിസ്ത്യാനികൾ ഉൾപ്പെടെയുള്ള മതന്യൂനപക്ഷങ്ങൾ നടത്തുന്ന അനാഥാലയങ്ങളിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്കും നൽകണം.

പ്രധാനമന്ത്രി ജൻവികാസ് കാരക്രമം പോലെയുള്ള കേന്ദ്ര സർക്കാരിന്റെ നേരിട്ടുള്ള പദ്ധതികൾ നടപ്പാക്കുമ്പോൾ ക്രൈസ്തവർക്കും ക്രൈസ്തവമേഖലയ്ക്കും തുല്യ പരിഗണന നൽകണം. ക്രൈസ്തവ ആവാസ കേന്ദ്രങ്ങളെക്കൂടി ജനസംഖ്യാടിസ്ഥാനത്തിൽ ഈ പദ്ധതികളിൽ ഉൾപ്പെടുത്തണം.

16. 8.39 – ദി കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ മൈനോറിറ്റീസ് ആക്ട് , 2014, 2018 –ൽ ഭേദഗതി ചെയ്ത് വകുപ്പ് 2 (ബി)യിൽ അനദർ മൈനോറിറ്റി കമ്മ്യൂണിറ്റി എന്നത് എ മൈനോറിറ്റി കമ്മ്യൂണിറ്റി എന്നാക്കി. ചെയർമാൻ ഒരു സമുദായത്തിൽ നിന്നാകുമ്പോൾ ശേഷിക്കുന്ന രണ്ട് അംഗങ്ങൾ മറ്റൊരു സമുദായത്തിൽ നിന്നാകുന്നതാണ് ഉചിതമെന്നാണ് കമ്മീന്റെ അഭിപ്രായം. അത് നിയമസഭയുടെ പരിഗണനയിൽ വരേണ്ട വിഷയം ആയതിനാൽ ഈ കാര്യം സർക്കാർ പരിഗണിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

(നിവേദനസംഗതി – കേരള സംസ്ഥാന ന്യൂനപക്ഷ നിയമത്തിൽ കൊണ്ടുവന്ന ബിൽ നം. 39 / 2017 ദേഭഗതി എല്ലാ വിഭാഗം ന്യൂനപക്ഷങ്ങൾക്കും കമ്മീഷൻ അംഗങ്ങൾ എന്ന നിലയിൽ ലഭിക്കാവുന്ന പ്രാതിനിധ്യത്തെ തടയുന്നതാണ്. അക്കാര്യത്തിൽ തിരുത്തൽ ദേഭഗതിയുണ്ടാകണം.

15. 8–42 – ന്യൂനപക്ഷവകുപ്പിന്റെ കീഴിൽ ക്രൈസ്തവർക്കായി കേരള സ്റ്റേറ്റ് ക്രിസ്ത്യൻ മൈനോറിറ്റീസ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ രൂപീകരിച്ച് ഈ വിഭാഗത്തിൽ പ്പെട്ട അർഹരായ വ്യക്തികൾക്കു കുറഞ്ഞ പലിശ നിരക്കിൽ കൃഷി, മത്സ്യകൃഷി, ബിസിനസ്സ്, വ്യവസായം, പശു ഫാം, ആടുഫാം മുതലായവ നടത്തുന്നതിനും ഓട്ടോറിക്ഷ, കാർ, മുതലായ ടാക്സി വാഹനങ്ങൾ വാങ്ങുന്നതിനും, വിദ്യാഭ്യാസ യോഗ്യതക്കനുസൃതമായ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, തൊഴിലിനായി വിദേശത്ത് പോകുന്നതിനും, പ്രവാസികളായവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും, വിദ്യാഭ്യാസം നല്ല രീതിയിൽ ലഭിക്കുന്നതിനും ആവശ്യമായ വായ്പകൾ നൽകണം എന്ന ആവശ്യം കമ്മീഷന്റെ മുമ്പാകെ വന്നത് പരിഗണിച്ച് ഇത്തരത്തിലുള്ള ഒരു വികസന കോർപ്പറേഷൻ രൂപീകരിക്കണം.

ന്യൂനപക്ഷ വകുപ്പിന്റെ കീഴിലുള്ള വിവിധ സംവിധാനങ്ങളുടെ ഭരണനിർവ്വഹണത്തിന് ക്രൈസ്തവർക്ക് ആനുപാതിക പ്രാതിനിധ്യം നൽകണം.

ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അധ്യക്ഷരായി റൊട്ടേഷൻ ക്രമത്തിൽ ക്രൈസ്തവരെയും നിയമിക്കണം.

8.47 ക്രൈസ്തവ വിശ്വാസം, ആചാരങ്ങൾ, നേതൃത്വത്തെ അവഹേളിക്കുന്ന ചലച്ചിത്രങ്ങൾ, പ്രസിദ്ധീകരണങ്ങൾ, ചിത്രങ്ങൾ, എഴുത്തുകൾ എന്നിവയ്ക്കെതിരെ രേഖാമൂലം പരാതി നൽകിയാൽ അതു സംബന്ധിച്ച് സത്വരമായ നിയമനടപടികൾ ഉറപ്പുവരുത്തണം.

8.48 പെൺകുട്ടികളെ നിർബന്ധിത മതപരിവർത്തനത്തിന് വിധേയരാക്കുന്ന കേന്ദ്രങ്ങൾ ഉണ്ടോയെന്ന കാര്യത്തിൽ പോലീസ് സംവിധാനം ജാഗ്രത പുലർത്തണം.

8.50 കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം 500 സ്ക്വയർ ഫീറ്റിന് താഴെയുള്ള ആരാധനാലയങ്ങൾ, കുരിശിൻതൊട്ടി തുടങ്ങിയവ സംബന്ധിച്ച നിർമ്മാണ നടപടിക്രമങ്ങൾ ലഘൂകരിക്കണം.

8.53 സഭാനിയങ്ങൾക്കനുസരിച്ചും രാജ്യനിയമങ്ങൾക്ക് വിധേയപ്പെട്ടും സഭാ സ്വത്തക്കളുടെയും സംവിധാനങ്ങളുടെയും ഭരണം സഭയിൽ പരമ്പരാഗതമായി നിലനിന്നുവരുന്നു. അതിനാൽ സഭാ ഭരണത്തിനും സ്വത്ത് സംരക്ഷണത്തിനും ഒരു പുതിയ സിവിൽ നിയമനത്തിന്റെ പ്രസക്തിയോ ആവശ്യമോ ഇല്ല.

8.54 ക്രിസ്ത്യൻ വിവാഹം പരികർമ്മം സംബന്ധിച്ച് പുതിയ നിയമനിർമ്മാണം – കേരള മാര്യേജ് രജിസ്ട്രേഷൻ ബിൽ നടപ്പിലാക്കേണ്ട ആവശ്യമില്ല.

8.55 ക്രൈസ്തവ ആരാധനാലയങ്ങൾ, കോൺവെന്റുകൾ, ആശ്രമങ്ങൾ എന്നിവയടങ്ങുന്ന ഭൂമിയുടെ പട്ടയാവകാശം ലഭിക്കുന്നതിന്റെ ബുദ്ധിമുട്ടുകൾ ദുരീകരിക്കുക.

8.56 കന്യാസ്ത്രീ മഠങ്ങൾക്ക് അനുവദിച്ചിട്ടുള്ള റേഷൻ കാർഡ് ഏതാനും ജില്ലകളിൽ മാത്രമാണ് ഇതുവരെ ലഭിച്ചിട്ടുള്ളത്. സന്യസ്തർക്ക് വ്യക്തിപരമായി അനുവദിച്ച റേഷൻ കാർഡ് ലഭ്യമാക്കുന്നതിന് നേരിട്ടുകൊണ്ടിരിക്കുന്ന തടസ്സങ്ങൾ നീക്കണം.

8.57 വാർദ്ധക്യകാല പെൻഷന് പൊതു മാനദണ്ഡങ്ങൾ വച്ച് അർഹരാണെങ്കിൽ നിശ്ചിത പ്രായമുള്ള എല്ലാ ക്രൈസ്തവ സന്യസ്തർക്കും മറ്റുള്ളവർക്ക് ലഭിക്കുന്ന നിരക്കിൽ വാർദ്ധക്യ പെൻഷൻ നൽകണം.

8.59 തീരദേശം, മലയോരം, വനാതിർത്തി എന്നിവയോട് ചേർന്നു താമസിക്കുന്നവർ മുതലയവർക്ക് സൗജന്യ നിരക്കിൽ ഹോസ്റ്റൽ സൗകര്യങ്ങൾ സ്കൂൾ തലത്തിലും കോളേജു തലത്തിലും ലഭ്യമാക്കണം.

8.60 വിധവകളുടെയും പെൺമക്കളുടെയും വിവാഹാവശ്യത്തിന് പലിശരഹിത വായ്പ അനുവദിക്കണം.

8.63 സംസ്ഥാന സർക്കാർ സർവ്വീസിലുള്ളവരുടെ ജാതി തിരിച്ച ലിസ്റ്റ് പ്രസിദ്ധീകരിക്കണം.

8.64 എല്ലാ താൽക്കാലിക നിയമനങ്ങളു ം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി സംവരണ നിയമങ്ങൾ പാലിച്ച് നടപ്പിലാക്കണം.

16 8–72 സി, ഇ – പൊതുശ്മശാനങ്ങളിൽ ക്രിസ്തീയ സഭാ വിഭാഗങ്ങൾക്ക് അവരുടെ വിശ്വാസാചാരപ്രകാരം മാന്യമായി സംസ്കാരം നടത്തുന്നതിന് പ്രത്യേക സ്ഥലം നൽകുകയോ

ഒരുമിച്ച് പൊതുവായ സെമിത്തേരി നൽകുകയോ ചെയ്യുന്നതും ഒരു പരിഹാരമാർഗ്ഗമാണ്. ഒരു പഞ്ചായത്തിൽ ഒരു സ്ഥലത്തെങ്കിലും ഈ സൗകര്യം നൽകണം.

നിലവിൽ സെമിത്തേരി ആയി ഉപയോഗിക്കുന്നവയ്ക്ക് സർക്കാർ അടിയന്തിരമായി ലൈസൻസ് നൽകണം. അല്ലെങ്കിൽ പൊതു ശ്മശാനങ്ങളിൽ ശവസംസ്കാരം നടത്തുന്നതിനായി പ്രത്യേകം സ്ഥലം വേർതിരിച്ച് നൽകുകയോ ക്രിസ്തീയ സഭാ വിഭാഗങ്ങൾക്ക് പൊതുവായ സെമിത്തേരി അനുവദിച്ച നൽകുകയോ ചെയ്യണം.

17. 8.76 ജി – ലത്തീൻ കത്തോലിക്കാ സമുദായ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിൽ ഉള്ള തടസ്സങ്ങൾ സംബന്ധിച്ച് പഠനം നടത്തി അടിയന്തിരമായി പരിഹരിക്കണം . ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം അപ്രസക്തമായ 1947 എന്ന അടിസ്ഥാനവർഷം ലത്തീൻ കത്തോലിക്കാ ക്രൈസ്തവ സ്വത്വം നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡമായി നിശ്ചയിച്ചത് നീക്കം ചെയ്യേണ്ടതാണ്. റോമൻ കാത്തലിക് ലാറ്റിൻ ക്രിസ്ത്യൻ (ആർ സി എൽ സി) എന്നു ചില വിദ്യാർത്ഥികളുടെ സ്ക്കൂൾ സർട്ടിഫിക്കറ്റിൽ ചേർത്തു വരുന്നുണ്ട്. ഇവർക്കും ലത്തീൻ കത്തോലിക്കാസമുദായ സർട്ടിഫിക്കറ്റ് ലഭ്യമാക്കാനുള്ള സ്പഷ്ടീകരണ ഉത്തരവ് ഇറക്കണം. ക്രിസ്ത്യൻ –പരവ, എൽ സി – പരവ എന്നിങ്ങനെ സർട്ടിഫിക്കറ്റ് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നവർക്ക് ലാറ്റിൻ കാത്തലിക് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാക്കണം. കാസർഗോഡ് ചന്ദ്രഗിരി പുഴയ്ക്ക് വടക്കുവശത്ത് തലപ്പാടി വരെയുള്ള പ്രദേശത്തുള്ള ലത്തീൻ കത്തോലിക്കാ വിശ്വാസികൾ മംഗലാപുരം, രൂപതാംഗങ്ങൾ എന്ന നിലയിൽ അവർക്കു ലത്തീൻ കത്തോലിക്കാ സർട്ടിഫിക്കറ്റ് മലബാർ മേഖലയിൽ ആദ്യമായി രൂപീകരിച്ച കോഴിക്കോട് രൂപതയിൽ ഉൾപ്പെടെ എല്ലാ ലത്തീൻ കത്തോലിക്കരുടെയും അടിസ്ഥാനരേഖയിൽ എൽ സി എന്നതിന് പകരം ആർ സി എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ മാറ്റം വരുത്തി

എൽ.സി. എന്ന് രേഖപ്പെടുത്തി ലഭിക്കുന്നതിന് റവന്യൂ അധികാരികൾ രണ്ട് തലമുറയുടെ രേഖകൾ നിലവിൽ ആവശ്യപ്പെടുന്നു. ഇത് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും അതുവഴി സംവരണ ആനുകൂല്യം ലഭിക്കുന്നതിനും പ്രയാസം നേരിടുന്നു. പല ദേവാലയങ്ങളിലും പഴയ രേഖകൾ ഇല്ലാത്തതുമൂലം അപേക്ഷകർക്ക് സർട്ടിഫിക്കറ്റ് കിട്ടുന്നതിന് തടസ്സമാകുന്നു. പുനലൂർ രൂപതാംഗങ്ങളായ നൂറോളം ശ്രീലങ്കൻ അഭയാർത്ഥി കുടുംബാംഗങ്ങൾക്ക് റവന്യൂ വകുപ്പിൽ നിന്നുള്ള രേഖകളിൽ റോമൻ കത്തോലിക്കർ എന്നു മാത്രം രേഖപ്പെടുത്തിയിട്ടുള്ള ലത്തീൻ സഭയിലുള്ളവർക്കുകൂടി ലത്തീൻ കത്തോലിക്ക ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കണം. ഇക്കാര്യങ്ങളിലെല്ലാം രൂപതാ മെത്രാൻ നല്കുന്ന സാക്ഷ്യപത്രം ആധികാരിക രേഖയായി പരിഗണിച്ച് സർട്ടിഫിക്കറ്റ് നല്കേണ്ടതാണ്.

(നിവേദനസംഗതി – ലത്തീൻ കത്തോലിക്ക സമുദായ സർട്ടിഫിക്കറ്റ് സംബന്ധച്ച ഉത്തരവിൽ ലാറ്റിൻ ക്രിസ്ത്യൻസ് എന്ന പദം കൂടി ചേർത്ത് ഭേദഗതി വരുത്തി 15/1995 നമ്പറായി 18.8.95 ലാണ് സർക്കാർ ഉത്തരവ് ഇറക്കിയത്. പിന്നീട് 113/2010 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സ്കൂൾ രേഖകളിൽ ലത്തീൻ കത്തോലിക്കരുടെ ഉപജാതി (ലത്തീൻ കത്തോലിക്ക ഈഴവ മുക്കുവ...) എന്തുതന്നെയായിരുന്നാലും റവന്യൂ വകുപ്പ് നൽകേണ്ട ജാതി സർട്ടിഫിക്കറ്റ് ലത്തീൻ കത്തോലിക്ക എന്ന് തന്നെ ആയിരിക്കണം എന്നും ഉത്തരവിറക്കി. ജാതി സർട്ടിഫിക്കറ്റ് സംബന്ധിച്ച വിഷയത്തിൽ 1947 ന് മുമ്പ് ലത്തീൻ കത്തോലിക്കാ വിശ്വാസികൾ ആയിരിക്കണം എന്ന പരാമർശം ലഘൂകരിക്കുന്നതിന് 55/2012 നമ്പർ സർക്കാർ ഉത്തരവിറക്കുകയും ഗുണഭോക്താവും പിതാവും ലത്തീൻ കത്തോലിക്കാ സമുദായാംഗങ്ങൾ ആയിരുന്നുവെന്ന് ബിഷപ്പുമാർ നൽകുന്ന സർട്ടിഫിക്കറ്റ് റവന്യൂ ഉദ്യോഗസ്ഥരുടെ അന്വേഷണത്തിന് സഹായകരമായ രേഖയായി പരിഗണിക്കണം എന്നും ഉൾചേർത്തു. 1947 എന്ന പദം സമുദായ സർട്ടിഫിക്കറ്റ് ലഭിക്കുന്നതന് പലയിടങ്ങളിലും തടസ്സങ്ങൾ ഉണ്ടാക്കുന്നു. അത്

പിൻവലിച്ച് ബിഷപ്പുമാർ നൽകുന്ന കത്ത് ആധികാരിക രേഖയായി പരിഗണിക്കാനുള്ള നടപടിയുണ്ടാകണം.)

18. 8.76 എച്ച് – ദൈവാലയ രേഖകളുടെ സൂക്ഷിപ്പുകാരായ ഇടവക വികാരിമാരുടെ ശുപാർശയുടേയും, സത്യവാങ്മൂലത്തിന്റെയും, റവന്യൂ ഉദ്യോഗസ്ഥരുടെ പ്രാദേശിക അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ കാലവിളംബം കൂടാതെ സർട്ടിഫിക്കറ്റ് നൽകണം. ബന്ധപ്പെട്ട ബിഷപ്പുമാർ നൽകുന്ന രേഖകൾ ആധികാരിക സ്വഭാവം ഉള്ളവയായി കണക്കാക്കണം.1947 എന്ന അടിസ്ഥാന വർഷം നിശ്ചയിച്ചത് നീക്കം ചെയ്യണം.

(നിവേദനസംഗതി– മുകളിലെ സൂചന കാണുക)

19. 8.77 – ലത്തീൻ കത്തോലിക്കർ മൂന്നു രീതികളിലുള്ള പരിഗണനകൾക്ക് വ്യക്തികൾ എന്ന നിലയ്ക്ക് അർഹരാകുന്നവർ ലത്തീൻ സമൂഹത്തിൽ ഉണ്ട്.

എ) മതപരമായി ഒരു ന്യൂനപക്ഷം എന്ന നിലയിൽ ന്യൂനപക്ഷങ്ങൾക്ക് പൊതുവായി ലഭിക്കേണ്ട ആനുകൂല്യങ്ങളും പരിഗണനകളും.

ബി) പരമ്പരാഗതമായി പിന്നോക്കം നില്ക്കുന്ന ഒരു സമൂഹം ഒബിസി എന്നുള്ള നിലയിൽ സമുദായ അംഗങ്ങൾക്കു ലഭിക്കേണ്ട പ്രത്യേക ആനുകൂല്യങ്ങളും പരിഗണനകളും.

സി) സമുദായ അംഗങ്ങളിൽ ആരെങ്കിലും എസ്. സി., എസ്ടി. വിഭാഗങ്ങളിൽ നിന്ന് പരിവർത്തനം ചെയ്യപ്പെട്ടവരോ മത്സ്യബന്ധനം തൊഴിലാക്കിയ ജാതികളിൽ നിന്ന് പരിവർത്തനം ചെയ്യപ്പെട്ടവരോ ആണെങ്കിൽ അവരുടെ പൂർവ്വ ജാതിയുമായി ബന്ധപ്പെട്ട പ്രത്യേക ആനുകൂല്യങ്ങളും പ്രത്യേക പരിഗണനകളും.

ഈ മൂന്ന് രീതികളിലുമുള്ള പരിഗണനകൾ ഒരേ സമയം ഏതെങ്കിലും ലത്തീൻ സമൂഹഅംഗത്തിന് നൽകേണ്ട സാഹചര്യം ഉണ്ടാ

വുമ്പോൾ ആയത് ഒരേ സംഗതിക്കുള്ള മൾട്ടിപ്പിൾ ആനുകൂല്യമായി പരിഗണിക്കപ്പെടുവാൻ സാധ്യതയുണ്ടെങ്കിൽ അവ തമ്മിൽ താരതമ്യം ചെയ്ത് ആയതിലെ ഏറ്റവും മെച്ചപ്പെട്ട സൗകര്യം തിരഞ്ഞെടുക്കുവാൻ സമുദായ അംഗത്തിനുതന്നെ അധികാരം ഉണ്ടായിരിക്കണം എന്ന് ശുപാർശ ചെയ്യുന്നു.

20. 8.79 – ബിരുദ–ബിരുദാനന്തര കോഴ്സുകളിലും വിദ്യാഭ്യാസ സംബന്ധമായ പ്രവേശനങ്ങളിൽ പൊതുവേയും ലത്തീൻ കത്തോലിക്കർക്കും ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിനുമുള്ള സംവരണം 3% ആക്കി ഉയർത്തണം.

21 8.81 – നിലവിൽ പന്ത്രണ്ടാം ക്ളാസ് വരെ ലഭിച്ചുവരുന്ന എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും ഉന്നതവിദ്യാഭ്യാസത്തിനും അനുവദിക്കണം. കമ്മ്യൂണിറ്റി കോട്ടയിൽ പ്രവേശനം നേടുന്ന ലത്തീൻ വിദ്യാർത്ഥികൾക്ക് ഇ ഗ്രാന്റ് അനുവദിക്കണം. മെഡിസിന് പ്രവേശനം ലഭിക്കുന്ന ബി പി എൽ വിഭാഗക്കാരായ ലത്തീൻ വിദ്യാർത്ഥികൾക്ക് സഹായം താമസം കൂടാതെ നൽകണം.

(നിവേദനസംഗതി – നിലവിൽ ലഭിച്ചുകൊണ്ടിരുന്ന ഇ ഗ്രാന്റ് കഴിഞ്ഞ കുറച്ച് വർഷങ്ങളായി കമ്മ്യൂണിറ്റി കോട്ടയിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ലഭിക്കുന്നില്ല. ഇത് നിഷേധിക്കുന്നത് മൗലീകമായ അവകാശ ലംഘനമാണ്. )

22 8.82 – വിദ്യാഭ്യാസ ലോണുകൾ ലത്തീൻ കത്തോലിക്ക സമുദായത്തിലെ കുട്ടികൾക്ക് ജനസംഖ്യാപാതികമായ രീതിയിൽ ഉറപ്പുവരുത്തണം.

23. 8.91 – ക്ലാസ് 1,2 തസ്തികകളിൽ ഇപ്പോഴുള്ള ലത്തീൻ – ദലിത് കത്തോലിക്കാ സമുദായത്തിന്റെ പ്രാതിനിധ്യം എത്രയെന്ന് കണക്കാക്കുകയും നഷ്ടമായ അവസരങ്ങൾ പുന:സ്ഥാപിക്കുന്നതിന് നടപടിയെടുക്കുകയും ചെയ്യണം.

(നിവേദനസംഗതി – ഈ കമ്മീഷനു മുന്നിൽ ഹാജരാക്കുന്നതിന് വേണ്ടി കേരളത്തിലെ വിവിധ വകുപ്പുകളിൽ നിന്നും കേരള പബ്ലിക് സർവീസ് കമ്മീഷനിൽ നിന്നും വിവരാവകാശനിയമപ്രകാരവും, സംവരണ പ്രകാരവും നിലവിലുള്ള ലത്തീൻ കത്തോലിക്കാ ഉദ്യോഗാർഥികളുടെ വിവരങ്ങൾ ആവശ്യപ്പെട്ടുവെങ്കിലും പി എസ് സി നൽകിയ മറുപടി ലിസ്റ്റുകൾ ജില്ലാതലത്തിൽ ആണ് എന്നാണ്. വകുപ്പ് നൽകിയ മറുപടി ആകട്ടെ പി എസ് സി ആണ് നിയമിക്കുന്നത് എന്നും. തത്വത്തിൽ, സംവരണ പ്രകാരം നിയമിക്കപ്പെട്ട ഉദ്യോഗാർഥികളുടെ വിവരങ്ങൾ പോലും പുറത്ത് വിടുന്നതിന് ബന്ധപ്പെട്ട അധികാരികൾ തയ്യാറാകുന്നില്ല. അതുകൊണ്ടുതന്നെ അക്കാര്യം സൂചിപ്പിച്ച് ഈ കമ്മീഷൻ മുമ്പാകെ ഇടക്കാലഹർജിയും നൽകിയിട്ടുള്ളതാണ്. കേരള സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നടന്ന നിയമനം സംബന്ധിച്ച് കൃത്യമായ രേഖകകൾ വകുപ്പു തലത്തിലോ നിയമനം നടത്തിയ പി എസ് സി യുടെ പക്കലോ ലഭ്യമല്ല. ഇക്കാര്യങ്ങൾ ക്രോഡീകരിക്കുന്ന സംവിധാനത്തിന്റെ അഭാവം വ്യക്തമാണ്. ഓരോ തവണയും നടക്കുന്ന നിയമനപട്ടികയുടെ വിവരങ്ങൾ മാത്രമാണ് വെബ്സൈറ്റിൽ ഉള്ളത്. സംവരണാടിസ്ഥാനത്തിൽ അർഹതപ്പെട്ടത് ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്താനുള്ള സംവിധാനമില്ല. അധികാര കേന്ദ്രങ്ങളിൽ മതിയായ പ്രാതിനിധ്യം ഇല്ലാത്തതുകൊണ്ട് സാമൂഹികമായ ഒരു ജനവിഭാഗത്തിന് ഉണ്ടാകേണ്ടതായ പുരോഗമന അവസ്ഥ കേരളത്തിലെ ലത്തീൻ കത്തോലിക്കാ സമൂഹത്തിന് ഉണ്ടായിട്ടില്ല. തൊഴിൽപരമായി നാല് ശതമാനം സംവരണം ഉണ്ടെങ്കിലും ക്ലാസ് 3, ക്ലാസ് 4 നിയമനങ്ങളിൽ മാത്രമായി അവ ഒതുങ്ങിയിരിക്കുന്നു. ഉയർന്ന തസ്തികകളിൽ പ്രാതിനിധ്യം നന്നേ കുറവാണ്. ലഭിക്കുന്ന അവസരങ്ങളിൽ തന്നെ റൊട്ടേഷൻ ക്രമത്തിലെ അപാകതകൾ പരിഹരിക്കപ്പെടാത്തതു കാരണം നാട്ടിൽ ഉൾപ്പെടുന്ന ആളുകളെ പോലും സംവരണ പട്ടികയിൽ ഉൾപ്പെടുത്തി നിയമനങ്ങൾ നടക്കുന്നു. ശരിയായ രീതിയിൽ മത്സരപരീക്ഷകൾക്ക് ഒരുങ്ങാൻ

ഉള്ള സാമൂഹിക, സാമ്പത്തിക,കുടുംബപരമായ, അവസ്ഥ ഇല്ലാത്തതുകൊണ്ട് ഉയർന്ന മത്സരപരീക്ഷകളിൽ കാര്യമാത്രമായ ഒരുക്കത്തോടെ കൂടിയ പങ്കാളിത്തം ഉണ്ടാകുന്നില്ല.)

24. 8.93 – ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ തൊഴിൽ നഷ്ടവും സംവരണ നഷ്ടവും സംഭവിച്ച ലത്തീൻ , ആംഗ്ലോ.ഇന്ത്യൻ വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് വിവിധ തസ്തികകളിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

(നിവേദന സംഗതി – പലകാരണങ്ങളാൽ വിദ്യാഭ്യാസ ലോണുകൾ ലത്തീൻ കത്തോലിക്കരായ വിദ്യാർത്ഥികൾക്ക് നിഷേധിക്കപ്പെടുന്നുണ്ട്. പൊതുവായ കാരണങ്ങൾ ഉണ്ടെങ്കിൽ പോലും ഇത്തരത്തിൽ നീതി നിഷേധമുണ്ടാകുമ്പോൾ അതിനെതിരെ നിയമനടപടികളുമായി മുന്നോട്ടു പോയ നേടിയെടുക്കാൻ കാലതാമസവും സാഹചര്യമില്ലാത്തതും ഈ ഭാഗം വിദ്യാർഥികളെ ബുദ്ധിമുട്ടിലാക്കുന്നുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ പൊതുവായ നിർദ്ദേശം ഉണ്ടാകണം).

25 8.83 – പ്രീമെട്രിക് സ്കോളർഷിപ്പ് ഉൾപ്പെടെ ആനുകൂല്യങ്ങൾക്ക് വരുമാന പരിധി രണ്ടര ലക്ഷം എന്ന് പുനർനിർണയിക്കേണ്ടതാണ്. അതേസമയം അത്തരം സ്കോളർഷിപ്പുകളിൽ 50 ശതമാനം എങ്കിലും ഒരു ലക്ഷത്തിൽ താഴെ വരുമാനം ഉള്ളവർക്കു മാത്രമായി പരിമിതപ്പെടുത്തണം.

(നിവേദന സംഗതി –മുന്നോക്ക വിഭാഗങ്ങൾക്കുള്ള സർക്കാർ സ്കോളർഷിപ്പുകളിലും ധനസഹായത്തിനും വാർഷിക വരുമാനപരിധി രണ്ടുലക്ഷമാണ്. നൽകുന്ന തുക കൂടുതലുമാണ്. അതേസമയം പിന്നാക്ക വിഭാഗങ്ങളിൽ വാർഷിക വരുമാനപരിധി കുറച്ചു വയ്ക്കുകയും നൽകുന്ന തുക കുറവായ രീതിയിലും ക്രമീകരണം ചെയ്തിരിക്കുന്നു.)

26 8.84 – പിന്നോക്ക വിഭാഗ വികസന വകുപ്പിൽ നിന്നും വിതരണം ചെയ്യുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലത്തീൻ കത്തോലിക്കർക്ക് ജനസംഖ്യാനുപാതികമായി അർഹതപ്പെട്ട ശതമാന നിരക്കിൽ നൽകണം. സ്കോളർഷിപ്പ് അർഹത വരുമാനപരിധി ഉയർത്തി നിശ്ചയിക്കണം.

(നിവേദന സംഗതി – അർഹരായ നിരവധി ലത്തീൻ കത്തോലിക്ക വിദ്യാർത്ഥികൾക്ക് സർക്കാർ ആനുകൂല്യങ്ങൾ ലഭ്യമാകാതെ പോകുന്നു. അതേസമയം ആനുകൂല്യങ്ങളുടെ വിതരണം നടക്കുന്നുമുണ്ട്. ജനസംഖ്യാനുപാതികമായ വിതരണപങ്കാളിത്തം ഉറപ്പാക്കണം.)

27 8.86– സംവരണേതര സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സ്കോളർഷിപ്പ് തുക പിന്നാക്ക വിദ്യാർഥികൾക്ക് അനുവദിക്കുന്ന തുകയേക്കാൾ കൂടുതലാണ് ഇക്കാര്യം പരിശോധിച്ച് സ്കോളർഷിപ്പ് തുകയിൽ തുല്യത വരുത്തണം

(നിവേദന സംഗതി – യഥാർത്ഥത്തിൽ കൂടുതൽ അർഹതപ്പെട്ടത് പിന്നാക്ക വിഭാഗങ്ങൾക്കാണ് എന്നിരിക്കെ സ്കോളർഷിപ്പ് ധനസഹായ വിതരണ രീതിയിൽ മുന്നോക്ക വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് ലഭിക്കുന്നതിനേക്കാൾ കുറഞ്ഞ തുകയാണ് പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നത്. ഇത് ഭരണഘടനാപരമായി തുല്യത എന്ന മൗലികാവകാശത്തിന് എതിരാണ്.)

28 8.90 – സർക്കാരിന്റെ പിന്നാക്ക വികസന കോർപ്പറേഷനിൽ നിന്നും സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പ തൊഴിൽ രഹിതരായ ലത്തീൻ യുവതി യുവാക്കൾക്ക് വ്യക്തിഗത ജാമ്യത്തിൽ നൽകണം. നൈപുണ്യ വികസനം, സ്റ്റാർട്ടപ്പുകൾ, സ്വയംതൊഴിൽ പരിശീലനം, മുതലായ സംരംഭകത്വ വികസന കേന്ദ്രങ്ങൾക്ക് രൂപം കൊടുക്കേണ്ടത്, തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങൾ, സ്ത്രീകൾ പ്രവാസികൾ എന്നിവരെ ഉൾക്കൊള്ളുന്ന രീതിയിൽ ആയിരിക്കണം.

29 8.91– ക്ലാസ് 1,2 തസ്തികകളിൽ ഇപ്പോഴുള്ള ലത്തീൻ കത്തോലിക്ക, ദളിത് ക്രൈസ്തവ സമുദായത്തിന്റെ പ്രാതിനിധ്യം എത്രയെന്ന് കണക്കാക്കുകയും നഷ്ടമായ അവസരങ്ങൾ പുനസ്ഥാപിക്കുന്നതിന് നടപടിയെടുക്കുകയും ചെയ്യണം.

(നിവേദന സംഗതി – വിവിധ വകുപ്പുകളിൽ ലത്തീൻ കത്തോലിക്കർക്ക് സംവരണപ്രകാരമുള്ള മതിയായ പ്രാതിനിധ്യം ഇല്ല എന്ന് വിവരാവകാശ രേഖകളിലൂടെ തന്നെ വ്യക്തമാണ്. അത് സംബന്ധിച്ച് പല വകുപ്പുകളിലും രേഖകൾ ഇല്ല എന്നാണ് മറുപടി നൽകിയത്. വിവിധ വകുപ്പുകളിൽ നിന്ന് ലഭിച്ച വിവരാവകാശ മറുപടികൾ കമ്മീഷന് സമർപ്പിച്ചിരുന്നു.)

30 8.92– ലത്തീൻ കത്തോലിക്കാർക്കും ദളിത് ക്രൈസ്തവർക്കും ലഭിച്ചിട്ടുള്ള ഉദ്യോഗ പ്രാതിനിത്യത്തെ കുറിച്ചും നഷ്ടത്തെ കുറിച്ചും പഠനം നടത്തുവാനായി ഒരു പുതിയ കമ്മീഷനെ നിയമിക്കണം.

(നിവേദന സംഗതി – മുകളിൽ സൂചിപ്പിച്ചതു തന്നെ ഇവിടെയും ബാധകം. വിവിധ വകുപ്പുകളിൽ ലത്തീൻ കത്തോലിക്കർക്ക് സംവരണപ്രകാരമുള്ള മതിയായ പ്രാതിനിധ്യം ഇല്ല എന്ന് വിവരാവകാശ രേഖകളിലൂടെ തന്നെ വ്യക്തമാണ്.)

31 8.93 – നരേന്ദ്രൻ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ തൊഴിൽ നഷ്ടവും സംവരണ നഷ്ടവും സംഭവിച്ച ലത്തീൻ, ആംഗ്ലോ ഇന്ത്യൻ വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് വിവിധ തസ്തികകളിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെൻറ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

(നിവേദന സംഗതി – പത്തുവർഷത്തെ മാത്രം കണക്കുകൾ പരിശോധിച്ചതിൽ ലത്തീൻ കത്തോലിക്കർക്ക് 4370 തൊഴിലവസരങ്ങൾ നഷ്ടമായതായി ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് രേഖപ്പെടുത്തുന്നു; നഷ്ടമായ തൊഴിലവസരങ്ങൾ പുനസ്ഥാപിക്കണം).

32 8.94– കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റർ സർവീസ് റൂൾസിൽ ചട്ടം 14ൽ ഉചിതമായ ഭേദഗതി വരുത്തി സംവരണ വിഭാഗങ്ങൾക്ക് നീതി ഉറപ്പാക്കണം. മെറിറ്റിൽ ഉദ്യോഗം ലഭിച്ചവരുടെയും സംവരണം വഴി ഉദ്യോഗം ലഭിച്ചവരുടെയും പ്രത്യേകമായ ലിസ്റ്റുകൾ തയ്യാറാക്കി സൂക്ഷിക്കണം.

(നിവേദന സംഗതി – സംവരണ പ്രകാരം 100 പേരുടെ പട്ടിക പ്രസിദ്ധീകരിക്കുമ്പോൾ അതിൽ നാലുപേർ ലത്തീൻ കത്തോലിക്ക വിഭാഗത്തിൽ പെട്ടവർ ആയിരിക്കണം. എന്നാൽ ഇതേ വിഭാഗത്തിൽ തന്നെയുള്ള മെറിറ്റിലുള്ള ആളുകൾക്ക് പ്രവേശനം ലഭിക്കുമ്പോൾ അവരെ സംവരണ പട്ടികയിൽ ഉൾപ്പെടുത്തുകയും സംവരണപ്രകാരം ലഭിക്കേണ്ട ആളുകളുടെ അവസരങ്ങൾ നഷ്ടമാവുകയും ചെയ്യുന്ന സാഹചര്യങ്ങൾ നിരവധിയായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. അതിന് പരിഹാരം ഉണ്ടാകണം.)

33 8.95 പ്രാഥമിക സഹകരണ മേഖലയിൽ സർക്കാർ അർദ്ധസർക്കാർ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങളിൽ ഉദ്യോഗത്തിന് സംവരണം ലഭ്യമാക്കണം.

(നിവേദന സംഗതി – സഹകരണ നിയമനങ്ങളിൽ എല്ലാ മേഖലയിലും സംവരണം ലഭിക്കുന്നതു വഴി ഉദ്യോഗ പങ്കാളിത്തം ഉറപ്പാക്കാനുള്ള നടപടികൾ ഉണ്ടാകണം.)

34 8.96 – 7 12 2001 ൽ ഐക്യരാഷ്ട്രസഭ ഡിസംബർ 12 ന്യൂനപക്ഷ അവകാശ ദിനമായി പ്രഖ്യാപിക്കുകയും ആഘോഷിക്കുകയും

ചെയ്യാൻ ആവശ്യപ്പെട്ട പശ്ചാത്തലത്തിൽ ന്യൂനപക്ഷങ്ങൾക്ക് അർഹമായ എല്ലാ ആനുകൂല്യങ്ങളെ കുറിച്ചും ബോധവൽക്കരണ ക്ലാസുകൾ, സെമിനാറുകൾ, ഹാൻഡ് ബുക്ക് വിതരണം എന്നിവയ്ക്കായി ഓരോ പഞ്ചായത്തുകൾക്കും കുറഞ്ഞപക്ഷം 10000 രൂപയെങ്കിലും അനുവദിച്ച് ഇത്തരം പരിപാടികൾ ജില്ലാ വാർഡുകളിലും നടത്തുവാനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാവണം.

(നിവേദന സംഗതി – ഇന്ത്യയിൽ ന്യൂനപക്ഷങ്ങൾക്ക് ഭരണഘടനാപരമായി പ്രത്യേക അവകാശങ്ങൾ ഉള്ളതാണ്. ആ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനും പ്രചരിക്കപ്പെടുന്നതിനും സാഹചര്യങ്ങൾ ഉണ്ടാകണം.)

35 8.97– കേരളത്തിലെ ആംഗ്ലോ ഇന്ത്യൻ വിഭാഗക്കാരുടെ സാമൂഹിക സാമ്പത്തിക (പാർപ്പിട പ്രശ്നങ്ങൾ, തൊഴിലില്ലായ്മ, വിദ്യാഭ്യാസപരവും സാമ്പത്തികവുമായ പിന്നാക്കാവസ്ഥ തുടങ്ങിയ) സാഹചര്യങ്ങളെക്കുറിച്ച് പഠിക്കാൻ ഒരു സർക്കാർ ഏജൻസിയെ നിയോഗിക്കണം.

(നിവേദന സംഗതി – ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിന്റെ അവശതകൾ പരിഹരിക്കുന്നതിന് പ്രത്യേക നടപടികൾ ഉണ്ടാകണം.)

36 8.119– പരിവർത്തിത ക്രൈസ്തവർ– വലിയ വിവേചനം ആണ് (ദളിത് ക്രിസ്ത്യാനികൾ) നേരിടുന്നത്. അതുകൊണ്ടുതന്നെ ഷെഡ്യൂൾഡ് കാസ്റ്റ് എന്ന ഭരണഘടന നിർവചിക്കുന്ന വിഭാഗങ്ങൾക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ഇവർക്കും ലഭിക്കേണ്ടതാണ്. പരിവർത്തക കോർപ്പറേഷൻ പ്രവർത്തനങ്ങളുടെ കാര്യം ഉൾപ്പെടെ നീതി ലഭ്യമാക്കുന്നതിനുള്ള മറ്റു ശുപാർശകളും ഉണ്ട്. 8.119 മുതൽ 8.154 വരെയുള്ള ഭാഗങ്ങളിലായി ദളിത് ക്രൈസ്തവർ നേരിടുന്ന നിരവധി

വിഷയങ്ങളിൽ പരിഹാരം ഉണ്ടാകുന്നതിനുള്ള നടപടികൾ കമ്മീഷൻ ശുപാർശകളിൽ നിർദ്ദേശിക്കുന്നു.

(നിവേദന സംഗതി – ദളിത് ക്രൈസ്തവർക്ക് പട്ടികജാതി പദവി ലഭ്യമാകണം എന്നത് സംബന്ധിച്ച് നിലവിൽ സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസുകളിൽ അനുകൂല സത്യവാങ്മൂലം നൽകാൻ സംസ്ഥാന സർക്കാർ തയ്യാറാകണം എന്ന ആവശ്യം)

37 8.99 മുതൽ 8.118 വരെയുള്ള ശുപാർശകളായി ഒരു സ്ഥാപനത്തിനോ പ്രദേശത്തിനോ ബാധകമായ ആവശ്യങ്ങൾ സംബന്ധിച്ച കാര്യങ്ങൾ പറയുന്നു. ഒരു സ്ഥാപനത്തിനോ പ്രദേശത്തിനോ ബാധകമായ ആവശ്യങ്ങൾ സംബന്ധിച്ച് കാര്യങ്ങൾ പറയുന്നു. ആലപ്പുഴ, പുനലൂർ രൂപതകളിൽ ഉൾപ്പെടുന്ന വിവിധ വിഷയങ്ങൾ ഇതിൽ പറയുന്നുണ്ട്. കോവിൽത്തോട്ടം, വിഴിഞ്ഞം, പാലക്കാട് ചിറ്റൂർ താലൂക്കിൽ കിഴക്കൻ മേഖലയിൽ ലത്തീൻ കത്തോലിക്കരുടെ പ്രധാന തൊഴിലും വരുമാനവും ഔഷധസസ്യങ്ങൾ ശേഖരിച്ച് വിൽക്കുന്നതാണ് എന്നും അവർ നേരിടുന്ന ചൂഷണം ഉൾപ്പെടെയുള്ള കാര്യങ്ങൾ സംബന്ധിച്ച പ്രശ്നപരിഹാരങ്ങൾ എന്നിങ്ങനെയുള്ള പല കാര്യങ്ങളും വിവിധ ശുപാർശകളായി ഉൾപ്പെടുത്തിയിരിക്കുന്നു. 8.155 മുതൽ കുട്ടനാട് പ്രദേശത്തെ ബാധിക്കുന്ന വിഷയങ്ങളും പരിഹാരമാർഗങ്ങളും നിർദ്ദേശിക്കുന്നു.

38 8.199 മുതൽ 8.222 വരെയുള്ള ശുപാർശകളായി മലയോര മേഖലയിൽ പ്രത്യേകമായി ചെയ്യേണ്ട പ്രവർത്തികളെപറ്റി പറയുന്നു.

ഇപ്പോൾതന്നെ രാജ്യ ശരാശരിയേക്കാൾ വളരെ കൂടുതൽ വനവും ജനസാന്ദ്രതയും കേരളത്തിൽ ഉള്ളപ്പോൾ വന സമീപസ്ഥലം കൂടി വനസ്വഭാവം ഉള്ളതാക്കി മാറ്റിയാൽ മാത്രമേ വനം സംരക്ഷിക്കപ്പെടുകയുള്ളൂ എന്ന ഒരു അടിയന്തര സാഹചര്യവും

നിലവിലില്ല. അതുകൊണ്ട് വനത്തിന് വെളിയിൽ വന സംരക്ഷണത്തിന്റെ പേരിൽ ഭൂമിയുടെ കൃഷിസംബന്ധമായ ഉപയോഗം കുറയ്ക്കുന്നതും നിയമസമാന നിയന്ത്രണങ്ങൾ അവിടെ കൊണ്ടുവരുന്നതും ആശ്വാസമല്ല എന്ന കാഴ്ചപ്പാടിന്റെ വെളിച്ചത്തിൽ അത്തരം നിയന്ത്രണങ്ങൾ സർക്കാർ പുനരവലോകനം ചെയ്യണം.

ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ വന സംരക്ഷണ കാര്യങ്ങൾക്കായി വസ്തുവിന്റെ ഉപയോഗ നിയന്ത്രണങ്ങൾ മൂലം കർഷകന് നഷ്ടപ്പെടുന്ന വരുമാനത്തിനും വരുമാന സാധ്യതകൾക്കും പൂർണ്ണ നഷ്ടപരിഹാരം കൊടുക്കണം.

വന്യമൃഗസംരക്ഷണ കേന്ദ്രങ്ങൾക്കും ദേശീയ ഉദ്യാനങ്ങൾക്കും ചുറ്റുമുള്ള പ്രദേശങ്ങളിൽ ഒരു കിലോമീറ്റർ വീതിയിൽ ബഫർസോൺ ആക്കുന്നത് കർഷകരുടെ ജീവിതം ദുസ്സഹമാക്കും ഇത്തരത്തിൽ ബഫർ സോൺ സൃഷ്ടിച്ചാൽ പതിനായിരക്കണക്കിന് ഏക്കറുകൾ വരുന്ന കൃഷിസ്ഥലങ്ങൾ എങ്കിലും ബഫർ സോണായി മാറാൻ സാധ്യതയുണ്ട്. ഈ വിഷയം പരിഹരിക്കപ്പെടണം.

കൃഷി ചെയ്യുന്നതും വീട് വയ്ക്കുന്നതും കിണർ കുഴിക്കുന്നതും തൊഴുത്ത് കെട്ടുന്നതും ഷെഡ് കിട്ടുന്നതും ആരാധനാലയങ്ങളും പള്ളിക്കൂടങ്ങളും ഒക്കെ നടത്തുന്നതും അടുത്തുള്ള വനത്തിന്റെ പേരിൽ നിരോധിക്കാൻ പാടില്ല.

കാട്ടിൽ വച്ച് പന്നി ഉൾപ്പെടെയുള്ള വന്യമൃഗങ്ങളെ കൊല്ലുന്നത് ശിക്ഷയ്ക്ക് വിധേയമാക്കാം എന്നാൽ കൃഷിയിടങ്ങളിൽ കൃഷി നശിപ്പിക്കുന്ന പന്നികളെയോ എലികളെയോ വംശനാശഭീഷണി നേരിടാത്ത മറ്റു വന്യമൃഗങ്ങളെയോ ഓടിച്ചു വിടാനും ഓടിപ്പോയില്ലെങ്കിൽ അതിനു വേണ്ടി അവയെ ഭയപ്പെടുത്താനും അവ ആക്രമിച്ചാൽ ആത്മരക്ഷയ്ക്ക് വേണ്ടി കൃഷിഭൂമിയിലോ

വീട്ടിലോ വെച്ച് വേണമെങ്കിൽ കൊല്ലാനും ഉള്ള നിയമപരമായ അവകാശം കർഷകൻ ഉണ്ട് എന്ന് ഉറപ്പാക്കുന്ന തരത്തിൽ നിയമനിർമാണങ്ങൾ ഉണ്ടാവണം

അത്തരത്തിൽ നിയമ ഭേദഗതികൾ ഉണ്ടാകുന്നത് വരെയുള്ള കാലഘട്ടത്തിൽ കൃഷിയിടങ്ങളിൽ കൃഷിക്ക് നാശം വരുത്തുന്ന വംശനാശ ഭീഷണി നേരിടാത്ത വലിയ മൃഗങ്ങൾ കർഷകർ മൂലം പരിക്കപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്താൽ ആ കുറ്റകൃത്യം നടന്നത് കൃഷിഭൂമിയിൽ ആണെങ്കിൽ അതിനെക്കുറിച്ച് അന്വേഷിക്കുന്ന ഉദ്യോഗസ്ഥർക്ക് അന്വേഷണ വേളയിൽ കുറ്റകൃത്യത്തിൽ ഉൾപ്പെട്ടു എന്ന് സംശയിക്കുന്ന ഏതെങ്കിലും വ്യക്തിയെ അറസ്റ്റ് ചെയ്യണമെന്നുണ്ടെങ്കിൽ അറസ്റ്റിനു മുമ്പ് ബന്ധപ്പെട്ട കോടതി മുഖാന്തരം വാറണ്ട് വാങ്ങിയതിനു ശേഷം മാത്രമേ ചെയ്യാവൂ എന്ന് നിർദ്ദേശിക്കണം എന്നും അങ്ങനെ അറസ്റ്റ് ചെയ്യപ്പെടുന്ന കർഷകന് ജാമ്യം ലഭിക്കുന്നതിന് അയാൾ ഒരു സ്ഥിരം കുറ്റവാളി അല്ലെങ്കിൽ പ്രോസിക്യൂഷൻ എതിർപ്പ് പ്രകടിപ്പിക്കാൻ പാടില്ല എന്നും നിയമഭേദഗതികൾ ഉണ്ടാകണം.

ഏതെങ്കിലും കാരണവശാൽ കൃഷി നാശത്തിന് കാരണമാകുന്ന വന്യമൃഗങ്ങളെ കൈകാര്യം ചെയ്യുന്നതിന് കർഷകന് അവകാശം നൽകുന്നില്ല എങ്കിൽ അവിടെ സംഭവിക്കുന്ന കൃഷി നാശത്തിന്റെ ബാധ്യതകൾ പൂർണമായും സർക്കാർ ഏറ്റെടുക്കണമെന്നും ആയത് മോട്ടോർ വാഹന അപകടങ്ങളിൽ ലഭിക്കുന്ന നഷ്ടപരിഹാര തുക കണക്കാക്കപ്പെടുന്ന രീതിയിൽ കണക്കാക്കണമെന്നും കമ്മീഷൻ ശുപാർശ ചെയ്യുന്നു.

മലയോര മേഖലയിലെ കർഷകരുടെ പട്ടയം ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിഹരിക്കപ്പെടണം. അവരുടെ ഭൂമി ഏറ്റെടുത്ത് വനമാക്കിയ എക്കളോജിക്കലി ഫ്രജയിൽ ലാൻഡ് ആൻഡ് 2003 നിയമം പുന പരിശോധിക്കണം എന്ന കാര്യവും ഉൾപ്പെടെ കർഷക മേഖലയിലെ വിഷയങ്ങൾ ഈ ഭാഗത്ത് പറയുന്നു.

8.223 മുതൽ 8.284 വരെയുള്ള ഭാഗത്ത് തീര മേഖലയിലെ കാര്യങ്ങൾ പറയുന്നു.

8.223 – മത്സ്യത്തൊഴിലാളി മേഖലയിൽ പരമ്പരാഗതമായി പ്രവർത്തി എടുക്കുന്ന വിഭാഗങ്ങളെ മോസ്റ്റ് ബാക്ക് വേർഡ് കമ്മ്യൂണിറ്റി എന്നോ അട്ടർലി ബാക്ക് വേർഡ് കമ്മ്യൂണിറ്റി എന്നോ ബാക്ക് വേർഡ് മൈക്രോ കമ്മ്യൂണിറ്റി എന്നോ പരിഗണിച്ച് അവർക്ക് പ്രത്യേകമായ ആനുകൂല്യങ്ങൾ കൊടുക്കേണ്ടതാണ്.

8.224– വനവാസികൾക്ക് വനത്തിൽ പ്രത്യേക അവകാശങ്ങൾ നിയമം മൂലം നൽകിയിരിക്കുന്നത് പോലെ കടലിന്റെ മക്കൾ എന്നറിയപ്പെടുന്ന തീരദേശ മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേകമായ കടലവകാശങ്ങൾ നിയമം നിർമാണം വഴി നൽകണം.

8. 225 – ഒരു സമൂഹത്തിന്റെ വികസനത്തിന് ഏതെങ്കിലും പദ്ധതി ആവശ്യമാണെങ്കിൽ തീര മേഖലയിൽ നിന്നും നിഷ്കാസനം ചെയ്യുന്ന കുടുംബത്തിന് കുറഞ്ഞപക്ഷം ഒരു ക്ലാസ് ഫോർ ജീവനക്കാരന്റെ ശമ്പളത്തിന് തത്തുല്യമായ തുക പ്രതിമാസം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്ന സംവിധാനം ഉണ്ടാകണം.

8.237 – പുനർഗേഹം പദ്ധതിയിൽ തീരപ്രദേശങ്ങളിൽ ഉള്ള വസ്തുവിന്റെ വിലയും നിർമ്മാണ ചിലവും മറ്റും ഒരു വീടും സ്ഥലവും എന്നുള്ള ആവശ്യം പൂർത്തീകരിക്കാൻ അപര്യാപ്തമാണ്. ഒന്നോ രണ്ടോ കിലോമീറ്ററിനുള്ളിൽ പുതിയ വാസസ്ഥലം ലഭ്യമാക്കണം. പ്രകൃതി സംരക്ഷണത്തിനായി കാലാവസ്ഥ വ്യതിയാനം കൊണ്ടോ തീരശോഷണം കൊണ്ടോ പുനർഗേഹം മുതലായ പദ്ധതികൾ മാറ്റപ്പെടുന്ന ഒരു കുടുംബത്തിന് മാറ്റത്തിന് മുമ്പ് സ്വന്തമാക്കി വെച്ചിരുന്ന സ്ഥലത്തിന് തുല്യ അളവിലുള്ള വസ്തുവും വീടും സൗകര്യങ്ങളും ഒരു സ്ഥിരമായ വരുമാന സബ്സിഡിയും നൽകണം.

8.228 – ഒന്നുകിൽ ആധുനിക രീതിയിലുള്ള മത്സ്യബന്ധനത്തിനുള്ള പരിശീലനം മത്സ്യ സംസ്കരണ വ്യവസായങ്ങളിൽ പരിചയമോ പുതിയ മത്സ്യ വിപണന മേഖലയിൽ പ്രവർത്തിക്കാനുള്ള സാധ്യതയോ അല്ലെങ്കിൽ പരമ്പരാഗത മത്സ്യത്തൊഴിൽ ഉപേക്ഷിച്ച് മറ്റ് പൊതുമേഖലകളിൽ കയറി ചെല്ലാനുള്ള സൗകര്യങ്ങളോ മത്സ്യ തൊഴിലാളി കുടുംബങ്ങളിലെ യുവതി യുവാക്കൾക്ക് നൽകണം.

8.229– അമിത മത്സ്യ ചൂഷണം തടയാൻ കാരണമാകുന്നതിനാൽ പുതിയ യാനങ്ങൾക്ക് രജിസ്ട്രേഷൻ നിയന്ത്രണം കൊണ്ടുവരണം. മത്സ്യത്തൊഴിലാളികൾ അല്ലാത്തവർ വ്യവസായികമായ ചൂഷണത്തിനായി മാത്രം കടന്ന് കയറുന്നത് ഒഴിവാക്കി രജിസ്ട്രേഷൻ യഥാർത്ഥ മത്സ്യത്തൊഴിലാളികൾക്ക് മാത്രമാക്കണം.

8.230– പഞ്ചായത്തുകൾ രൂപപ്പെടുത്തുമ്പോൾ തീരപ്രദേശങ്ങൾ ഉൾപ്പെടുത്തണമെങ്കിൽ ഒരു പഞ്ചായത്തിൽ അഞ്ച് കിലോമീറ്റർ തീരപ്രദേശമെങ്കിലും മിനിമം ഉൾപ്പെടുത്തണം

8.231– ഒരു നിശ്ചിത അളവിലുള്ള ഡീസലോ മണ്ണെണ്ണയോ തികച്ചും സൗജന്യമായും വേറൊരു അളവിലുള്ള ഡീസലും മണ്ണെണ്ണയും പൂർണമായി നികുതി ഒഴിവാക്കിയുള്ള വിലയിലും പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ബോട്ടുകളുടെ അടിസ്ഥാനത്തിൽ നൽകണം. ഇന്ധന വിലയിൽ മത്സ്യ മേഖലയ്ക്ക് പ്രത്യേക നികുതിയിളവ് സബ്സിഡി നൽകി സഹായിക്കണം പ്രതിമാസം ഒരു തൊഴിൽ ഉടമയ്ക്ക് 3750 ലിറ്റർ മണ്ണെണ്ണ ലഭ്യമാക്കുന്നതിനും സെന്ററുകൾ കേന്ദ്രീകരിച്ച് മണ്ണെണ്ണ ബങ്കുകൾ സ്ഥാപിക്കാനും നടപടികൾ സ്വീകരിക്കണം പ്രതിമാസം ഒരു തൊഴിൽ ഉടമയ്ക്ക് 3750 (150 ത 25)ലിറ്റർ മണ്ണെണ്ണ ലഭ്യമാക്കുന്നതിനും സെന്ററുകൾ കേന്ദ്രീകരിച്ച് മണ്ണെണ്ണ പമ്പുകൾ സ്ഥാപിക്കാനും നടപടികൾ സ്വീകരിക്കണം.

ധാരാളം ദിവസങ്ങളിൽ മത്സ്യബന്ധനം തന്നെ സർക്കാർ നിരോധിക്കുന്നു. ഒരു സ്ഥിര ഫണ്ട് രൂപീകരിച്ച നഷ്ടപ്പെടുന്ന തൊഴിൽ ദിനങ്ങൾക്ക് ഒരു ദിവസത്തെ സംസ്ഥാനത്തെ സ്റ്റാൻഡേർഡ് മിനിമം പേജ് എന്ന കണക്കിലെങ്കിലും ഒരു തുക മത്സ്യത്തൊഴിലാളി കുടുംബത്തിന് നൽകണം ഒപ്പം തീരദേശത്തെ ആളുകളെ കൂടി ഉൾപ്പെടുത്തി മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി വിപുലീകരിക്കണം. ഇതിനാവശ്യമായ ഭേദഗതിക്ക് കേന്ദ്രസർക്കാരുമായി കൂടിയാലോചിച്ച് വേണ്ട നടപടികൾ എടുക്കണം

8.233– പ്രകൃതി ദുരന്തങ്ങൾക്ക് ഇരയാകുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പൂർണ്ണ നഷ്ടപരിഹാരം നൽകണം

8.234– പ്രകൃതി ദുരന്തങ്ങളുടെ കേന്ദ്ര പട്ടികയിൽ കടലാക്രമണത്തെ ഉൾപ്പെടുത്താൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

8.235– മത്സ്യ മേഖലയെ കാർഷിക മേഖലയായി പരിഗണിച്ച് കർഷകർക്ക് കൊടുക്കുന്ന കുറഞ്ഞ ശതമാനത്തിനുള്ള ലോണുകൾ നൽകണം. കൃഷിനാശം സംഭവിക്കുമ്പോൾ കാർഷിക ലോണുകൾ എഴുതി തള്ളുന്നത് പോലെ പ്രവർത്തി ദിനങ്ങൾ നഷ്ടപ്പെടുമ്പോൾ അതുമായി ബന്ധപ്പെട്ട ആപേക്ഷിക അളവിൽ കടങ്ങൾ എഴുതിത്തരണം ഉൾപ്പെടുത്തണം. മത്സ്യബന്ധന അനുബന്ധ സംരംഭങ്ങളെ സെക്ടറിന് കീഴിലാക്കി ലോൺ അവർക്ക് പ്രാപ്യമാക്കണം. സി ആർ ഇസഡ് ൽ ഉൾപ്പെടുന്ന വസ്തു ബാങ്കുകൾ ഒരു നല്ല സെക്യൂരിറ്റിയായി പരിഗണിക്കണം. മനുഷ്യ തൊഴിലാളി കേന്ദ്രീകൃതമായ മത്സ്യത്തൊഴിലാളികൾ മാത്രമുള്ള ക്രെഡിറ്റ് സഹകരണ സംഘങ്ങളിലൂടെ മത്സ്യ മേഖലയിൽ നിന്ന് കിട്ടുന്ന നികുതി വരുമാനങ്ങളുടെ ഒരു നിശ്ചിത ശതമാനം പലിശ സബ്സിഡിക്കും

കിട്ടാക്കട ബാധ്യത എഴുതിത്തള്ളുന്നതിനും ആയി വിനിയോഗിക്കണം.

8.236– തീരപ്രദേശങ്ങളിൽ ബാങ്കിംഗ് സൗകര്യം വർദ്ധിപ്പിക്കണം. അർത്തുങ്കൽ മുതൽ വടക്കോട്ട് ചെല്ലാനം വരെയുള്ള 20 കിലോമീറ്റർ ഒരു ബാങ്കും ഇല്ല. അർത്തുങ്കൽ മുതൽ തെക്കോട്ട് ആലപ്പുഴ വരെയുള്ള 24 കിലോമീറ്റർ പരിധിയിൽ ചെട്ടിക്കാട് കോർപ്പറേഷൻ ബാങ്കിന്റെ ഒരു ശാഖയൊഴികെ ഒരു ബാങ്കും ഇല്ല എന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഈ അവസ്ഥ പരിഹരിക്കണം.

8.238– 2007 ൽ സ്ഥാപിതമായ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന് കൂടുതൽ പണം ലഭ്യമാക്കണം. ഫിഷറീസ് സഹകരണ സംഘങ്ങൾ നിലനിർത്തുന്നതിന് ആവശ്യമായ സാമ്പത്തിക പാക്കേജ് പ്രഖ്യാപിക്കണം.

8.239– മത്സ്യ കച്ചവടം നടത്തുന്ന സ്ത്രീകൾക്ക് അന്തസായി ജോലി ചെയ്യാനുള്ള ശുചിത്വം, തൊഴിൽ, സാമൂഹിക അന്തരീക്ഷം സൃഷ്ടിക്കണം. അവരുടെ തൊഴിലിടങ്ങളായ ഹാർബറുകളെ, ഓപ്പൺ മാർക്കറ്റുകളെ ആധുനികവൽക്കരിക്കണം മുതലായ നിർദ്ദേശങ്ങൾ ഉൾപ്പെടുന്നു.

മത്സ്യമേഖലയിൽ റസിഡൻഷ്യൽ ഫിഷറീസ് സ്കൂളുകളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഹോസ്റ്റലുകളും സ്ഥാപന മേഖല നോക്കാതെ വിദ്യാഭ്യാസ ആനുകൂല്യങ്ങളും വിദ്യാഭ്യാസ ലോണുകളും അനുവദിക്കണം. വിദ്യാതീരം പദ്ധതിയിൽ മുൻഗണന മാനദണ്ഡങ്ങൾ ലഘൂകരിക്കണം. നവ നിരക്ഷരത പരിഹരിക്കുന്നതിനായി അക്ഷരസാഗരം കൂടുതൽ ഊർജ്ജസ്വലമാക്കണം. ലംപ്സം ഗ്രാൻഡുകളും സ്കോളാഷിപ്പുകളും സമയബന്ധിതമായി നൽകണം

ഫിഷറീസ് സർവകലാശാലയുടെ സ്ഥാപനങ്ങൾ വിവിധ തീരദേശ ജില്ലകളിൽ സ്ഥാപിക്കണം ഫിഷറീസ് സർവകലാശാല മറ്റു മറൈൻ ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവയിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠനത്തിനും തൊഴിലിനും പ്രത്യേക സംവരണം നടപ്പിലാക്കണം. ഫിഷറീസ് സർവകലാശാലയിലെ കോഴ്സുകളിൽ മറ്റു തൊഴിലാളികൾക്കുള്ള സംവരണം 40% ആയി ഉയർത്തണം.

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അന്തർദേശീയ തലത്തിൽ ഉന്നത വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം വിദേശത്തും സ്വദേശത്തും തൊഴിലവസരം ലഭ്യമാക്കാൻ പ്രത്യേക കരിയർ സെൽ, അവർക്ക് ആവശ്യമായ നൈപുണ്യ വികസനം എന്നിവ ഉറപ്പുവരുത്തണം

ഓൺലൈൻ വിപണനം വ്യാപകമായതോടുകൂടി വ്യാപകമായ തൊഴിൽ നഷ്ടം മത്സ്യത്തൊഴിലാളി മേഖല നേരിടുന്നു. പകരം മാർഗങ്ങളുടെ ഗുണഭോക്താക്കൾ മത്സ്യത്തൊഴിലാളികൾ എന്ന് ഉറപ്പുവരുത്തണം. ചെറുകിട തൊഴിൽ സംരംഭങ്ങൾ ആയ ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ മത്സ്യ സംസ്കരണ യൂണിറ്റുകൾ ഹോട്ടൽ ബേക്കറി പഴം പച്ചക്കറി സ്റ്റോർ മീൻ മാംസം മുട്ട വ്യാപാര കേന്ദ്രങ്ങൾ കോഴി വളർത്തൽ മത്സ്യകൃഷി കൂൺ കൃഷി ടൈലറിംഗ് യൂണിറ്റുകൾ എന്നിവ ആരംഭിക്കാൻ ഉൾപ്പെടെ ലോൺ അനുവദിക്കാൻ നടപടികൾ ഉണ്ടാവണം.

കടൽ അപകടത്തെ സംബന്ധിച്ച രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ദുരന്ത മുന്നൊരുക്കം നടത്തുന്നതിനും ജില്ലാതലത്തിലും മത്സ്യ ഗ്രാമങ്ങൾ കേന്ദ്രീകരിച്ചും പ്രത്യേക സമിതികൾ രൂപീകരിക്കുക. കടലിൽ/ കായലിൽ വച്ച് സംഭവിക്കുന്ന മരണങ്ങൾ തൊഴിലിടങ്ങളിൽ നടക്കുന്ന മരണങ്ങൾ ആയി കണക്കാക്കി ഇൻഷുറൻസ് ലഭിക്കുന്നതിന് നടപടി ഉണ്ടാകണം;

കടലാക്രമണം പ്രകൃതിദുരന്തങ്ങൾ എന്നിവ മൂലം യാനങ്ങൾ നഷ്ടപ്പെടുന്നതിന് ഇൻഷുറൻസ് സുരക്ഷ ഉറപ്പാക്കണം.

ഫ്രീസിങ് സ്റ്റോറേജ് സൗകര്യങ്ങൾ ഓരോ മത്സ്യ ഗ്രാമത്തിലും ക്രമീകരിക്കണം

വലകൾ യാനങ്ങൾ വിവിധ മെഷിനറികൾ എന്നിവയുടെ നിർമ്മാണം റിപ്പയർ തുടങ്ങിയ സ്ഥാപനങ്ങൾ കടലോര മേഖലയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുക്കണം.

കുഫോസ് , സി എം എഫ് ആർ ഐ , സിഐ എഫ് ടി തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രയോജനങ്ങൾ കടലോരത്തുള്ളവർക്ക് ലഭ്യമാക്കുക

മത്സ്യ മേഖലകൾ കേന്ദ്രമാക്കി മത്സ്യ സംസ്കരണ വ്യവസായങ്ങൾ വ്യാപാര ഹോട്ടൽ സ്ഥാപനങ്ങൾ ടൂറിസം സംരംഭങ്ങൾ എന്നിവയ്ക്ക് വളരെയധികം സാധ്യതയുണ്ട്.

എറണാകുളം ആലപ്പുഴ തീരദേശ റെയിൽവേ ലൈനിൽ മേൽപ്പാലങ്ങൾ ഉറപ്പുവരുത്തണം

തീര സംരക്ഷണം പൊഴികളുടെയും അഴിമുഖങ്ങളുടെയും ഫിഷ് ലാൻഡിങ് സെൻററുകളുടെയും നവീകരണം ധന വിനിയോഗ സംവിധാനങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നവീകരണം, മൂല്യവർധിത ഉൽപ്പന്നങ്ങളുടെ വിപണന ശൃംഖല, ഡ്രെയിനേജ്, സാനിറ്റേഷൻ, പശ്ചാത്തല വികസനം തുടങ്ങിയവ ഉൾപ്പെടുത്തി കൊണ്ടുള്ള സമഗ്രമായ തീര വികസന പാക്കേജ് കുട്ടനാട് പാക്കേജിന്റെ മാതൃകയിൽ നടപ്പിലാക്കുക.

കേരളത്തിലെ തീരപ്രദേശത്ത് മുഴുവനും തീര സംരക്ഷണ കടലാക്രമണ പ്രതിരോധ നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്തു നടപ്പിലാക്കണം

മാലിന്യങ്ങൾ കടലിലേക്ക് ഒഴുക്കിവിടുന്നത് തടയാൻ നിയമനിർമ്മാണം കൊണ്ടുവരണം. പലയിടങ്ങളിലും കടലിനെ കായലുമായി ബന്ധിപ്പിക്കുന്ന അടഞ്ഞുകിടക്കുന്ന ചാലുകൾ നന്നാക്കണം. പുലിമുട്ട് നിർമ്മാണം ശാസ്ത്രീയമായി നടത്തണം

8.261 – തീരവാസികൾക്ക് തൊഴിൽ മേഖലയായ കടലിന്റെ 3 കിലോമീറ്റർ പരിധിക്കുള്ളിൽ താമസിക്കാൻ കഴിയും വിധം തീര പരിപാലന നിയമങ്ങളിൽ ഇളവുകൾ നടപ്പിലാക്കണം. 2019 ലെ സി ആർ ഇസഡ് വിജ്ഞാപനം ഖണ്ഡിക 5.3 പ്രകാരം തീരത്ത് വയ്ക്കുന്ന വീടുകൾക്ക് ദുരന്ത പ്രതിരോധ സംവിധാനങ്ങൾ ഉണ്ടാക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണത്തിന് പ്രത്യേകം നടപ്പിലാക്കി കൂടുതൽ തുക അനുവദിക്കേണ്ടതാണ് ഫിഷറീസ് ഭവന നിർമ്മാണ പദ്ധതി ലൈഫ് പദ്ധതിയിലേക്ക് ഏൽപ്പിച്ചത് മൂലം ലഭിക്കുന്ന നാലുലക്ഷം രൂപ ഭവന നിർമ്മാണത്തിന് തികച്ചും അപര്യാപ്തമാണ്.

ഫിഷിംഗ് ഹാർബറുകളിലെ മത്സ്യ ലേലത്തിൽ മത്സ്യത്തിന് സർക്കാർ നിശ്ചയിക്കുന്ന ന്യായവിലയ്ക്ക് പകരം മാർക്കറ്റ് വില നടപ്പിലാക്കണം. ഇത്തരം മാർക്കറ്റ് വില നിശ്ചയിക്കുന്നതിന് ഹാർബർ മാനേജ്മെൻറ് കമ്മിറ്റികളിൽ 50 ശതമാനം മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തണം.

മത്സ്യയാനങ്ങളുടെ പെർമിറ്റ് ഫീസ് ഉയർന്ന നിരക്കിൽ ഈടാക്കുന്നത് പുനപരിശോധിക്കണം.

2020ലെ കേരള മറൈൻ ഫിഷറീസ് റെഗുലേഷൻ ആക്ട് ഭേദഗതി പ്രകാരം ലേലത്തിന് ഏർപ്പെടുത്തിയിരിക്കുന്ന പുതിയ ലേല നിയമങ്ങളും അതിന് കമ്മീഷനായി നിശ്ചയിക്കുന്ന തുകയുടെ ശതമാനവും പുനപരിശോധിക്കേണ്ടതാണ്. സർക്കാർ ഒരു സൗകര്യവും ചെയ്തുകൊടുക്കാത്ത സ്ഥലത്ത് ലേലം

ചെയ്യുമ്പോൾ സർക്കാർ ഏജൻസികൾ കമ്മീഷൻ സ്വീകരിക്കുന്നത് ശരിയായ നടപടി അല്ല.

ബ്ലൂ ഇക്കണോമി പദ്ധതികൾ പഠിച്ച് അതിനനുസൃതമായ നയ-നിയമ രൂപീകരണം സമയബന്ധിതമായി നടത്തണമെന്നും ആശങ്കകൾ പരിഹരിക്കണം എന്നും പദ്ധതികളിൽ മത്സ്യത്തൊഴിലാളികളുടെ ജോലി ഉറപ്പുവരുത്തണം എന്നും ശുപാർശ ചെയ്യുന്നു.

തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട രൂപം കൊണ്ട തീരം തീരദേശ നിവാസികളുടെ ആവശ്യങ്ങൾക്കായും കടലാക്രമണം മൂലം മറ്റു സ്ഥലങ്ങളിൽ നഷ്ടപ്പെട്ട സൗകര്യങ്ങളുടെ പുനർനിർമ്മിതിക്കായും ഉപയോഗിക്കുന്നതിന് ന്യായമായിരിക്കും.

ഹാർബർ എൻജിനീയറിങ് ഫണ്ട് 50 ശതമാനം എങ്കിലും മത്സ്യത്തൊഴിലാളികൾ താമസിക്കുന്നിടത്ത് തന്നെ വിനിയോഗിക്കേണ്ടതാണ്.

തീരപ്രദേശത്ത് പല ഭവനങ്ങൾക്കും പട്ടയം ഇല്ല.കൊല്ലം, മൂതാക്കര സുനാമി കോളനി ഉദാഹരണം. ഇക്കാര്യം അടിയന്തരമായി പരിശോധിച്ചു നടപടി എടുക്കേണ്ടതാണ്.

കേന്ദ്ര-കേരള സർക്കാരിന്റെ മത്സ്യ മേഖല, തീരദേശം എന്നിവയോടനുബന്ധിച്ചുണ്ടാകുന്ന തൊഴിലവസരങ്ങളിൽ (കോസ്റ്റൽ ഗാർഡ്, മുങ്ങൽ വിദഗ്ദർ തുടങ്ങിയവ) തീരദേശ മേഖലകളിൽ നിന്നുള്ളവർക്ക് മുൻഗണന നൽകണം

ഉൾനാടൻ മത്സ്യബന്ധനത്തിന് പ്രോത്സാഹനം നൽകാത്തക്കവണ്ണം ഒരു നയം രൂപീകരിക്കണം, മത്സ്യഫെഡിൽ മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ സംവരണം ഏർപ്പെടുത്തണം, നിലവിലുള്ള സംവരണം ഫലപ്രദമായി നടപ്പിലാക്കണം, സർക്കാരിന്റെ ക്ഷേമപദ്ധതികളെക്കുറിച്ച് മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക ബോധവൽക്കരണ

പദ്ധതികൾ നടപ്പിലാക്കണം എന്നിങ്ങനെ നിരവധിയായ ശുപാർശകൾ മത്സ്യ മേഖലയുമായി ബന്ധപ്പെടുത്തി സൂചിപ്പിച്ചിട്ടുണ്ട്. വിവിധ മേഖലകളിൽ കാലങ്ങളായി ഉയർന്നുവന്ന ആവശ്യങ്ങളുടെ അടിസ്ഥാനത്തിലാണ് നിവേദനങ്ങൾ സമർപ്പിക്കപ്പെട്ടതും ശുപാർശകളായി പുറത്തുവന്നതും.

**ഉപസംഹാരം**

ജസ്റ്റിസ് ജെ ബി കോശി കമ്മീഷൻ റിപ്പോർട്ടിനെ ആസ്പദമാക്കി പുറത്തുവിട്ടിട്ടുള്ള ശുപാർശകളിൽ ലത്തീൻ സമുദായത്തെ പ്രത്യേകമായി പരിഗണിക്കുന്നതും ക്രൈസ്തവരെ പൊതുവായി പരാമർശിക്കുന്നതുമായ ശുപാർശകളിൽ പ്രസക്തമായവ മാത്രമാണ് ഈ കൈപ്പുസ്തകത്തിൽ ഉള്ളത്. ഈ ശുപാർശകൾ ഭൂരിഭാഗവും ആത്മാർത്ഥമായി നടപ്പിലാക്കിയാൽ ഇന്ന് കേരളത്തിൽ ക്രൈസ്തവ സമൂഹം നേരിടുന്ന പ്രത്യേകിച്ച് ലത്തീൻ ക്രൈസ്തവരും ആംഗ്ലോ ഇന്ത്യൻ വിഭാഗവും ദളിത് ക്രൈസ്തവരും നേരിടുന്ന നിരവധി വിഷയങ്ങൾക്ക് ക്രിയാത്മകമായ പരിഹാരമുണ്ടാകും. കൂടുതൽ വിശദമായ പഠനത്തിനായി സർക്കാർ പുറത്തിറക്കിയ അനൗദ്യോഗിക കുറിപ്പും, കമ്മീഷൻ റിപ്പോർട്ട് പുറത്തുവിടുന്ന മുറയ്ക്ക് റിപ്പോർട്ടുതന്നെയും വിശദമായ വായനയ്ക്ക് വിധേയമാക്കാവുന്നതാണ്.